# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2017 മാർച്ച്
വില ₹15



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ചില വൈജ്ഞാനികപുസ്തകങ്ങൾ

ദേശീയസ്വാതന്ത്ര്യസമരം കുട്ടികൾക്ക്
ഒരു കൂട്ടം ലേഖകർ
660രൂപ

റെഡ്ക്രോസിന്റെ കഥ
ഗംഗാധരൻ ചെങ്ങാലൂർ
55രൂപ

കല്ലിൽനിന്നും കടലാസിലേക്ക്
ബീന ജോർജ്
50രൂപ

നന്മയുടെ നടവഴികൾ
മുരളീധരൻ തഴക്കര
150രൂപ

ചങ്ങാതിസ്റ്റാമ്പുകൾ
ജി എസ് ഉണ്ണികൃഷ്ണൻ നായർ
55രൂപ

നാടകകൗതുകം
രാജാ വാര്യർ
50രൂപ

വാഴ്‌വിന്റെ ആധാരശിലകൾ
ജി മോഹനകുമാരി
130രൂപ

കുട്ടികളും ആരോഗ്യവും
ഡോ. ബി പത്മകുമാർ
80രൂപ

കുട്ടിക്കാഴ്ചകൾ @ ലക്ഷദ്വീപ്
എസ് അനിത
100രൂപ

പ്രകൃതിയാത്ര
വരുൺ രമേശ്
70രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org

## തളിര് വരിക്കാരാകാൻ

160രൂപയാണ് തളിരിന്റെ വാർഷികവരിസംഖ്യ. ഒറ്റപ്രതി 15രൂപ. വരിക്കാരാവാൻ 160രൂപ ഡിഡിയോ മണിയോർഡറോ ആയി

**എഡിറ്റർ**
**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃതകോളേജ് കാമ്പസ്**
**പാളയം, തിരുവന്തപുരം 34**

എന്ന വിലാസത്തിൽ അയയ്ക്കാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസിൽ നേരിട്ടു വന്നും വാർഷികവരിക്കാരാവാം. പത്തുതളിരോ അതിൽക്കൂടുതലോ എടുക്കുന്ന സ്കൂളുകൾക്ക് ഒരുമിച്ചു പണമടക്കുമ്പോൾ 150രൂപ വീതം അടച്ചാൽ മതിയാകും. അതായത് 10തളിരിന് 1500രൂപ മാത്രം. ഇങ്ങനെയുള്ള സ്കൂളുകൾക്ക് 'തളിര് വായനാമത്സര'ത്തിൽ പങ്കെടുക്കാനുള്ള അർഹത ഉണ്ടായിരിക്കും. സംശയങ്ങൾ thaliru@ksicl.org എന്ന ഇ-മെയിലിൽ ചോദിക്കാവുന്നതാണ്.

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

മാർച്ച് 2017
വില ₹15
വാർഷികവരിസംഖ്യ ₹160


## ഉള്ളടക്കം

## അമ്മയുടെ ശബ്ദം

**തനൂജ ഭട്ടതിരി**

8

എല്ലാമറിയുന്നവരാണു കുട്ടികൾ. മുതിർന്നവർക്കൊപ്പമോ അതിലേറെയോ അറിയാം അവർക്ക് ലോകകാര്യങ്ങൾ. എങ്കിലും കുട്ടികൾ കുട്ടികൾതന്നെ. രസകരമായ ഒരു കഥ.





## കാളവണ്ടി

32

**കെ കണ്ണൻ**


ഇപ്പോൾ അത്യപൂർവമാണെങ്കിലും കുറച്ചു പതിറ്റാണ്ടുകൾക്കു മുൻപ് ഏതു വഴിയിലും കാണാമായിരുന്നു കാളിവണ്ടികൾ. കാളകളും അതോടിക്കുന്നവരും തമ്മിൽ ഒരു ജൈവബന്ധംതന്നെ ഉണ്ടായിരുന്നു പലപ്പോഴും. കുടുംബത്തിലെ അംഗം തന്നെയായിരുന്നു ഓരോ കാളയും. അക്കാലെത്തെക്കുറിച്ചാണ് ഇത്തവണ അനുഭവത്തിൽ.

## ഹവ്വായുടെ കഥ

6

**എസ് ശിവദാസ്**

എല്ലാം തനിയെ ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നു റോസാക്കുട്ടി. ഒരു കഥ കേട്ടാൽ മറ്റാരും ചിന്തിക്കാത്ത രീതിയിലായിരിക്കും അവളുടെ ഭാവന ഉണരുക. ആദമിന്റെയും ഹവ്വായുടെയും കഥ റോസക്കുട്ടിയുടെ ഭാവനയിൽ എങ്ങനെയുണ്ടെന്നു നോക്കൂ...




**മുൻമൊഴി**.................................4
സുഗതകുമാരി

**അവർ വരുന്നു**.........................11
സി എം വിനയചന്ദ്രൻ

**മരങ്ങളിലൂടെ സൗഹൃദം**...........12
അനിത എസ്

**വെള്ളം പാഴാക്കരുത്**...............17
സുഗതകുമാരി

**വാക്കിന്റെ കഥ**.........................18
ഡോ. രാധികാ സി നായർ

**മിന്നലേൽക്കാത്ത കൂട്**.............20
നവനീത് കൃഷ്ണൻ എസ്

**കടപയാദി**..................................21
പള്ളിയറ ശ്രീധരൻ

**ഓണത്തിനു പൂക്കുന്ന കണിക്കൊന്ന**.........................22
സുമ സി ആന്റോ

**കൊക്കെത്ര കുളം കണ്ടതാ**......24
വി സി ബാലകൃഷ്ണൻ, വിജയകുമാർ ബ്ലാത്തൂർ

**അല്ലറ ചില്ലറ**.............................30
എം കൃഷ്ണദാസ്

**കവിതാപരിചയം**.....................37
കിളിമാനൂർ രമാകാന്തൻ

**അമൂല്യം ഈ ജീവാമൃതം**...........38
രാധികാദേവി റ്റി ആർ

**പുഞ്ചിരിപ്പുതപ്പ്**.......................40
ഇ ജിനൻ

**സ്കൂൾഡേയ്സ്**..........................41
രാജീവ് എൻ ടി

**രണ്ടു കുട്ടിക്കവിതകൾ**.............42
വി വിനയകുമാർ

**മഹാഭാരതം**.............................44
സുഗതകുമാരി

**കാർട്ടൂൺ**.................................47
പി വി കൃഷ്ണൻ

**ഇളംതളിര്**...............................48

**ഉണ്ടാക്കാം**................................50
അരവിന്ദ് ഗുപ്ത



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**വെങ്കി**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

e-mail : thaliru@ksicl.org,
director@ksicl.org

KSICL വായിച്ചു വളരുക

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

www.ksicl.org

# കടലുകാണാൻ പോയവർ


കണ്ണുകാണാൻ വയ്യാത്ത കുട്ടികൾ ബാലഭവനിൽ പഠിക്കാനെത്തിയ കാര്യം കഴിഞ്ഞലക്കത്തിൽ പറഞ്ഞല്ലോ. അവർക്കു കടലുകാണണം. കണ്ടേതീരൂ. ഞാൻ അമ്പരപ്പിലായി. പെറ്റമ്മയുടെ മുഖം കണ്ടിട്ടില്ലാത്ത, കുഞ്ഞനിയനെ കണ്ടിട്ടില്ലാത്ത, ഒരു നക്ഷത്രത്തെയോ അമ്പിളിയമ്മാവനെയോ കണ്ടിട്ടില്ലാത്ത, ഒരു പൂവു കണ്ടിട്ടില്ലാത്ത ഇവരെ എങ്ങനെ കടലുകാണിക്കും? അറിഞ്ഞുകൂടാ.

എങ്കിലും ഒരു സായാഹ്നത്തിൽ ഞങ്ങൾ ബാലഭവൻ ബസ്സിൽ ശംഖുമുഖം കടൽപ്പുറത്തേക്കു തിരിക്കുകയായി. കുട്ടികൾ ഉത്സാഹത്തിലാണ്. പാട്ടും താളമടിക്കലും തകർപ്പുമായി ഞങ്ങളങ്ങനെപോകുമ്പോൾ പെട്ടെന്നവർ നിർത്തി. ചെവിയോർത്തു.

''എന്താ അമ്മേ ഒരു മുഴക്കം?''

ഞാൻ ചിരിച്ചു.

''കുഞ്ഞുങ്ങളേ, അതാണു കടലിന്റെ ശബ്ദം.''



'' പിന്നെ മുഴക്കത്തിനിടയ്ക്ക്, ഡും!, എന്തോ പൊട്ടിത്തകരുന്നതുപോലെ... എന്താണത്?''

''അതു തിരയടിക്കുന്ന ശബ്ദമാണ് കുഞ്ഞുങ്ങളേ. കടൽവെള്ളം കരയിലേക്കു തള്ളിക്കയറിവന്ന് അടിച്ചുചിതറി തിരിച്ചുപോകുന്ന ശബ്ദമാണത്.''

''എന്താണമ്മേ, ഒരു പ്രത്യേകമണം?''

''അതു കടലിന്റെ മണമാണ്.''

''എന്തൊരു കാറ്റാണമ്മേ'' അപ്പോഴേക്കും ഞങ്ങൾ കടൽത്തീരത്ത് എത്തിക്കഴിഞ്ഞിരുന്നു. ചെരിപ്പുകളെല്ലാം ബസ്സിൽ തന്നെയിടാൻ ഞാൻ പറഞ്ഞു. അവർ മണലിലിറങ്ങി തുള്ളിച്ചാടുകയായി.

''ഹാ! എന്തു രസം! എത്ര നല്ല മണൽ! എന്തൊരു കാറ്റ്!''

''ഇത് ഒരു കാറ്റല്ലമ്മേ, ഒരു നൂറു കാറ്റ്!''

പിന്നെ ഞങ്ങൾ കടലിനെ തൊടാൻ പോയി. കുട്ടികളുടെ കൈപിടിച്ച് അധ്യാപകർ ഓരോരുത്തരെയായി കടലിലിറക്കി. വെള്ളത്തിൽ തൊടുവിച്ചു.

അവർ തുള്ളിച്ചാടി. പിന്നീടവരെ വരിയായി നിർത്തി. തമ്മിൽ കൈകൾകോർത്തു മുറുകെ പിടിപ്പിച്ച് രണ്ടറ്റത്തും അധ്യാപകർ നിന്ന് കടലിലിറക്കി. തിരമാലകൾ വന്ന് അവരുടെ കൊച്ചുകാലുകൾ വാത്സല്യത്തോടെ തലോടി, അടിച്ചുചിതറിക്കളിപ്പിച്ചു. അവർ വെള്ളം കോരി വായിലൊഴിച്ചിട്ട് തുപ്പിക്കളഞ്ഞു.

''അയ്യേ കടലേ, നിന്റെ വെള്ളം മോശം! അപ്പടി ഉപ്പ്!, കയ്ക്കുന്ന ഉപ്പ്!''

അവർ പൊട്ടിച്ചിരിക്കുന്നു. കൈകൾകൊട്ടി തുള്ളിച്ചാടി ഉടുപ്പ് നനഞ്ഞ് തലമുടി നനഞ്ഞ് കടലിലും പിന്നെ കരയിലും തുള്ളിച്ചാടി കളിച്ചുതിമർത്തു. പെട്ടെന്നവർ എന്തോ ആലോചിച്ചപോലെ എന്റെയടുത്തെത്തി.

''ടീച്ചറമ്മേ എങ്ങനെയിരിക്കും കടൽ? എന്താ കടലിന്റെ നിറം?''

ഈശ്വരാ, ഞാനെന്താണ് ഇവരോടു പറയേണ്ടത്? എന്റെ വാക്കുകൾക്കു ശക്തിയില്ലല്ലോ കണ്ണില്ലാത്ത കുട്ടികൾക്കു കടലിനെ വർണിച്ചു മനസ്സിലാക്കിക്കുവാൻ! ഞാൻ പറയുകയായി – മക്കളേ, നിങ്ങൾ എപ്പോഴും കാണുന്ന ഇരുട്ടില്ലേ? ഏതാണ്ട് അതുപോലെയാണു കടലിന്റെ നിറം – ഇരുണ്ടു പച്ചിച്ചു നീലിച്ച് തിരയടിയെല്ലാം വെളുത്തു പതഞ്ഞ്... എന്നെങ്ങനെ പറയാനാണ് നിറമെന്തെന്നറിയാത്തവരോട്?

''കടലിന് എത്ര വലിപ്പമുണ്ട്? എങ്ങനെയിരിക്കും?'' ചോദ്യങ്ങൾ നിലയ്ക്കുന്നില്ല. ഞാൻ പറഞ്ഞു.

**നിറമറിയാത്തവരോട്, ഓളങ്ങൾ ഉയർന്നു താഴുന്നതെങ്ങനെയെന്നു കാണാനാവാത്തവരോട് എങ്ങനെ ഞാൻ പറഞ്ഞു കൊടുക്കേണ്ടൂ! എന്തൊക്കെയോ പറഞ്ഞു വിവരിച്ചു. ദുർബലമായി, അർഥശൂന്യമായി. പക്ഷേ അവർക്കതുമതിയായിരുന്നു. 'മനസ്സിലായമ്മേ, മനസ്സിലായി.' എന്നവർ ആർത്തു വിളിച്ചു.**

''നിങ്ങൾ കൈകോർത്തു നിൽക്കുമ്പോൾ അതിന് എത്ര വലിപ്പമുണ്ട്?''

അവർ കൈകൾ വിടർത്തിക്കാണിച്ചു.

''ഇത്ര വലിപ്പമോ? അങ്ങനെ ഒരായിരം ലക്ഷം കോടി കൈകൾ വിടർത്തി നിന്നാൽ എത്ര വലിപ്പമുണ്ടാകും. അത്ര വലിപ്പമുണ്ട് കടലിന്. ഒരുപാടൊരുപാടു വെള്ളമങ്ങനെ ഉയർന്നുതാണ് ഉരുണ്ടുവന്ന് അടിച്ചുചിതറി പിന്നോട്ടാഞ്ഞ്...'' ഞാൻ അങ്ങനെ എന്തൊക്കെയോ പറഞ്ഞു.

''മനസ്സിലായമ്മേ, മനസ്സിലായി.'' എന്നവർ ആർത്തുവിളിച്ചു. കൊച്ചുകൈകൾ വിടർത്തി നോക്കി ഇങ്ങനെ ഒരു പാടൊരുപാട് വലുതായി വലുതായി... എന്നൊക്കെ പറഞ്ഞു.

''തണുത്ത് ഇരുട്ടുപോലെ...''

വൻമലകൾപോലെ ആകാശം പോലെ മുന്നോട്ടാഞ്ഞും അടിച്ചുചിതറിയും വീണ്ടും ഉയർന്നുപൊങ്ങിയും ഉരുണ്ടുകളിച്ച് വീശിയടിക്കുംപോലെ ഉയർന്നുതാണും അനന്തമായി അങ്ങു ചക്രവാളത്തോളം ഓളം തള്ളി അലഞ്ഞുലഞ്ഞ് നിറഞ്ഞിരമ്പുന്ന മഹാസമുദ്രത്തെ എങ്ങനെ മനുഷ്യഭാഷയിലൊതുക്കേണ്ടൂ? നിറമറിയാത്തവരോട്, ഓളങ്ങൾ ഉയർന്നു താഴുന്നതെങ്ങനെയെന്നു കാണാനാവാത്തവരോട് എങ്ങനെ ഞാൻ പറഞ്ഞു കൊടുക്കേണ്ടൂ! എന്തൊക്കെയോ പറഞ്ഞുവിവരിച്ചു. ദുർബലമായി, അർഥശൂന്യമായി. പക്ഷേ അവർക്കതുമതിയായിരുന്നു. 'മനസ്സിലായമ്മേ, മനസ്സിലായി.' എന്നവർ ആർത്തുവിളിച്ചു. കടലിനോടു കളിച്ചു. മണലിൽ ചാടിയോടിത്തിമർത്തു. എന്തൊരാഹ്ലാദം! കടലിന് ഈ കണ്ണില്ലാക്കുഞ്ഞുങ്ങളോട് എന്തൊരു വാത്സല്യം!... അവരുടെ ആഹ്ലാദത്തിമർപ്പിൽ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അങ്ങകലെ ഈശ്വരന്റെ തൃക്കണ്ണിലും നനവു പടർന്നുവെന്ന് എനിക്കുതോന്നി.

സ്നേഹത്തോടെ,
**സുഗതകുമാരി**

# ഹവ്വായുടെ രഹസ്യം

## എസ് ശിവദാസ്

റോസക്കുട്ടിക്ക് എല്ലാം തനിയെ ചെയ്യുന്നതാണ് ഇഷ്ടം. മറ്റാർക്കും ചെയ്യാൻ പറ്റാത്തതുപോലെ ചെയ്യണം. മറ്റാർക്കും വരയ്ക്കാൻ പറ്റാത്തതുപോലെ വരയ്ക്കണം. ഒരു കഥ കേട്ടാലോ? റോസക്കുട്ടി കഥ അതേപടി പറയുകയില്ല. ആലോചിക്കും. ചിന്തിക്കും. ഭാവനയിൽ എല്ലാം കാണും. കണ്ടുകണ്ട് കഥ മാറ്റും. പുതിയ കഥയാക്കും. മറ്റാരും പറയാത്ത കഥ. മറ്റാരും ചിന്തിക്കാത്ത കഥ. റോസക്കുട്ടിയുടെ കണ്ടുപിടുത്തമായ കഥ.



വര: ഗോപു പട്ടിത്തറ

ഒരിക്കൽ ടീച്ചർ ക്ലാസിൽ ഒരു കഥ പറഞ്ഞു. ദൈവം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ച കഥ. ബൈബിളിലെ കഥ. ടീച്ചർ അത് അതേപടി പറഞ്ഞു. കഥ കേട്ടതുമുതൽ റോസക്കുട്ടി ചിന്ത തുടങ്ങി. ദൈവം ആദ്യം സൃഷ്ടിച്ചത് ആരെ?

ആദാമിനെ. ആണിനെ.

പിന്നെ ആരെ സൃഷ്ടിച്ചു?

പെണ്ണിനെ.

എന്തിനാ പിന്നെ അങ്ങനെ പെണ്ണിനെ സൃഷ്ടിച്ചത്?

വെറുതെ ആണിനു കൂട്ടിനോ? ആയിരിക്കില്ല.

അങ്ങനെ ചിന്തിച്ചു ചിന്തിച്ച് റോസക്കുട്ടി ചില ആശയങ്ങളിലെത്തി. അതോടെ റോസക്കുട്ടിക്കു സന്തോഷമായി. താൻ പുതിയ കഥ കണ്ടെത്തിയതിന്റെ സന്തോഷം.

പിന്നീടൊരുനാൾ ആദം-ഹവ്വാക്കഥ ഓർത്തുപറയാൻ ടീച്ചർ പറഞ്ഞു. റോസക്കുട്ടി പഴയതൊന്നും ഓർക്കാൻ മിനക്കെട്ടില്ല. തന്റെ പുതിയ കണ്ടുപിടുത്തം അവതരിപ്പിച്ചു.

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അങ്ങനെ റോസക്കുട്ടി കഥ തുടങ്ങി. തുടർന്ന് ആദത്തെ സൃഷ്ടിച്ചതുവരെ പറഞ്ഞു. പിന്നെ എല്ലാവരെയും നോക്കി ഒരു കള്ളച്ചിരി ചിരിച്ചു. ടീച്ചറുടെ നേരെ നോക്കി ഒന്ന് ഇളകിച്ചിരിച്ചു. റോസക്കുട്ടി എന്തോ പൊട്ടിക്കാനാണു ഭാവം. അവളുടെ സ്വഭാവം നന്നായി അറിയാവുന്ന ടീച്ചർ കാതോർത്തുനിന്നു.

ആദമിനെ സൃഷ്ടിച്ചിട്ട് ദൈവം നോക്കി. കൊള്ളാം. നന്നായിരിക്കുന്നു എന്നു പറഞ്ഞ് തല കുലുക്കി. പിന്നെയും ആദാമിനെത്തന്നെ നോക്കിയിരുന്നു. എന്നിട്ട് ആലോചനയോടെ പറഞ്ഞു.

'ഇതിന് പല കുറവുകൾ ഉണ്ട്. കുഴപ്പങ്ങൾ ഉണ്ട്. ഭംഗി തീരെ പോരാ. പക്വതയും പോരാ. ഇതിന്റെ ചിന്ത സുന്ദരമല്ല. ഇതിനേക്കാൾ നന്നായി ഞാനൊന്നുണ്ടാക്കട്ടെ.' അങ്ങനെ പറഞ്ഞ് ദൈവം മറ്റൊന്നു സൃഷ്ടിച്ചു. മറ്റൊരു മനുഷ്യനെ... പെണ്ണിനെ! ആദ്യത്തെ പെണ്ണിനെ. ആദ്യത്തെ പെണ്ണിനെക്കണ്ട് ആദ്യത്തെ ആണും നാണം കെട്ടുപോയി. ഹൊ! ഇത് എന്നേക്കാൾ എത്രയോ മെച്ചം.

'ഓ ഇതിലും നന്നായി ഒന്നിനെ സൃഷ്ടിക്കാൻ എനിക്കു കഴിയും. ഇതിന് പല കുറവുകൾ ഉണ്ട്. കുഴപ്പങ്ങൾ ഉണ്ട്. ഭംഗി തീരെ പോരാ. പക്വതയും പോരാ. ഇതിന്റെ ചിന്ത സുന്ദരമല്ല. ഇതിനേക്കാൾ നന്നായി ഞാനൊന്നുണ്ടാക്കട്ടെ.'

അങ്ങനെ പറഞ്ഞ് ദൈവം മറ്റൊന്നു സൃഷ്ടിച്ചു. മറ്റൊരു മനുഷ്യനെ... പെണ്ണിനെ! ആദ്യത്തെ പെണ്ണിനെ.

ആദ്യത്തെ പെണ്ണിനെ ക്കണ്ട് ആദ്യത്തെ ആണും നാണംകെട്ടുപോയി. ഹൊ! ഇത് എന്നേക്കാൾ എത്രയോ മെച്ചം.

'ദൈവമേ എന്നെ എന്തിനാ ഇത്ര നന്നായി സൃഷ്ടിക്കാഞ്ഞത്?'

ആദം ദൈവത്തോടു ചോദിച്ചു.

ദൈവം സത്യം പറഞ്ഞു.

'ആദ്യം ഒരു മനുഷ്യനെ സൃഷ്ടിച്ചുകഴിഞ്ഞപ്പോഴാണ് എനിക്ക് അതിന്റെ പോരായ്മകൾ മനസ്സിലായത്. എല്ലാ പോരായ്മകളും മാറ്റി പൂർണതയോടെ ഞാൻ സൃഷ്ടിച്ചതാണ് ഇവളെ. രണ്ടാമത്തെ മനുഷ്യനെ. പെണ്ണിനെ.'

ആദം സങ്കടപ്പെടുന്നതു കണ്ട് ദൈവം സമാധാനിപ്പിച്ചു.

'നീ വിഷമിക്കേണ്ട. ഇവൾ നിന്നെ പൂർണതയിലേക്കു നയിക്കും. നിന്റെ കുറ്റങ്ങളും കുറവുകളും കണ്ടുതിരുത്തി നിന്നെ രക്ഷിക്കും. നിന്നെ വിട്ട് ഇവൾ പോകില്ല. എന്നും നിന്നെ ഭരിച്ചും കീഴടക്കിയും ജീവിക്കും.

അങ്ങനെ ലോകത്ത് പെൺഭരണമുണ്ടായി. എല്ലാ ജഗജാലവീരന്മാരെയും ഭരിക്കാനൊരു നാരി എക്കാലവും ഉണ്ടായി. ഇന്നും അതാണ് ലോകത്തിന്റെ അവസ്ഥ. പെണ്ണുള്ളതിനാൽ ആണ് ജീവിച്ചു പോകുന്നു.

റോസക്കുട്ടിയുടെ കഥ കേട്ട് ടീച്ചർ ചിരിച്ചുമറിഞ്ഞു. കുട്ടികളും കൂടെ മറിഞ്ഞു. മൗലികമായ ഒരു മാറ്റം കഥയിലുണ്ടാക്കിയ റോസക്കുട്ടിക്കുതന്നെ ടീച്ചർ ക്ലാസിലെ ഒന്നാംസ്ഥാനം നൽകി.

(മൗലികതയുള്ളവർക്കേ വിജയിക്കാനാകൂ. മുൻനിരയിലെത്താനാകൂ. മാറി ചിന്തിക്കാൻ പഠിക്കുക. മറ്റാരും നടക്കാത്ത വഴിയെ നടക്കാൻ ശ്രമിക്കുക. വിജയം അപ്പോൾ ഉറപ്പാണ്.)

## തളിരിലേക്ക് കത്തുകളയയ്ക്കൂ

തളിരിൽ വരുന്ന പംക്തികളെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും thaliru@ksicl.org എന്ന ഇ-മെയിൽ വഴിയോ തപാൽ വഴിയോ അയയ്ക്കാവുന്നതാണ്. മികച്ച കത്തുകൾ പ്രസിദ്ധീകരിക്കും.

എഡിറ്റർ

കഥ

# അമ്മയുടെ ശബ്ദം

**തനൂജ ഭട്ടതിരി**



വര: ബാബുരാജൻ



പുതിയ ഫ്ളാറ്റാണ്. മതിലുകൾക്ക് നല്ല മണം. ചക്കരയും പഞ്ചാരയും മതിലിലേക്ക് മുഖമമർത്തി ഒരുനിമിഷം നിന്നു. അയ്യോ, ഇതൊന്നുമല്ല കേട്ടോ അവരുടെ പേര്. അമ്മ മാത്രം വിളിക്കുന്ന ഈ പേര് പുറത്താരെങ്കിലുമറിഞ്ഞാൽ അവർ എല്ലാവരെയും ശരിയാക്കിക്കളയും. ഒരാളുടെ പേര് രാജശ്രീ. മറ്റേയാളുടെ പേര് നിത്യശ്രീ. ഞാനതേ നിങ്ങളോട് പറഞ്ഞിട്ടുള്ളൂ കേട്ടോ.

ഫ്ളാറ്റിലെ ഇത്തിരവട്ട മുറികൾക്കുള്ളിലൂടെ അവർ വീണ്ടും ഓടിക്കളിക്കാൻ തുടങ്ങി. എന്തൊരു ഒച്ചയും ബഹളവും! സാധനങ്ങൾ അടുക്കിവച്ചുകൊണ്ടിരുന്ന അമ്മ അല്പം ഉറക്കെതന്നെ പറഞ്ഞു.

‘‘ദേ... ഇതിനകത്ത് കിടന്നിങ്ങനെ ബഹളം വച്ചാലുണ്ടല്ലോ, ശരിയാക്കും രണ്ടിനേം ഞാൻ. താഴെ താമസിക്കുന്നവർ പരാതിയുമായി വന്നാൽ നിങ്ങടെ ചെവി ഞാൻ പൊന്നാക്കും പറഞ്ഞേക്കാം... തടിച്ചിമാരായി, നാണമില്ലല്ലോ. ഓടിക്കളിക്കുന്നു.’’

രാജശ്രീ ഓടിവന്ന് അമ്മയുടെ മുന്നിൽ കൈ ഇടുപ്പിൽ കുത്തി നീണ്ടു നിവർന്നു നിന്നു.

‘‘ദേ അമ്മേ... ഞാനെന്ത് പറഞ്ഞാലും അമ്മ പറയും, ദേ അവള് പ്രസംഗിക്കുന്ന്ന്. എന്നാ ഇതാ ശരിക്ക് പ്രസംഗിക്കാൻ പോവാ ഞാൻ. കേട്ടോളൂ... അതേ കാര്യമൊക്കെ ശരി, ശരീരസംബന്ധിയായ കാര്യങ്ങൾ വച്ചുള്ള കമന്റുകൾ പാടില്ല. പറഞ്ഞേക്കാം. അതൊക്കെ നിയമപരമായിത്തന്നെ തടഞ്ഞിരിക്കുന്ന കാര്യങ്ങളാണ്. വർഗം, വർണം എന്നിവയൊക്കെ പറഞ്ഞ് ഒരാളെ വിവരിക്കാൻ പാടില്ല എന്നപോലെ ശരീരപ്രകൃതമനുസരിച്ചും ഒരാളെ

വിവരിക്കാൻ പാടില്ല. എനി ക്കിത്തിരി തടിയുണ്ട് അവൾ ക്കുമുണ്ട്. സമ്മതിച്ചു. പക്ഷേ തടിച്ചികൾ എന്നാരെങ്കിലും വിളിച്ചാൽ ഞങ്ങൾ പ്രശ്ന മുണ്ടാക്കും. അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പറയാം. സംസ്കാരമുള്ളവർ, വിദ്യാ ഭ്യാസമുള്ളവർ ഇങ്ങനെ യൊന്നും പറയില്ല. വെളു വെളുപ്പ് ഇല്ലാത്ത ഒരാളെ, അല്ലെങ്കിൽ കറുത്ത ഒരാളെ കറുമ്പൻ, കറുമ്പി എന്നൊന്നും അവർ പറയില്ല. മനുഷ്യർ വെറുതെയങ്ങ് ജീവിച്ച് മരി ച്ചാൽ പോരാ, രാഷ്ട്രീയമായി കൂടി ചിന്തിച്ച് ജീവിക്കണം.''

അമ്മ തളർന്നു താഴെയി രുന്നു.

''എന്റെ ദൈവമേ... ഈ ചക്കരയെന്നാ രാഷ്ട്രീയക്കാ രിയായത്!!''

നിത്യശ്രീ ചിരിച്ചു.

''അമ്മ ഈ അഭിനയ മൊന്നും കാണിക്കണ്ട. അവൾ പറഞ്ഞത് ശരിയല്ലേ? കാലം മാറി. അമ്മ അതോർ ത്താൽ അമ്മയ്ക്ക് നന്ന്. മക്കളോട് സംസാരിക്കു മ്പോഴും സൂക്ഷിക്കണംന്ന് ഇപ്പോ മനസ്സിലായില്ലേ?''

അമ്മ ചാടിയെണീറ്റു.

''അയ്യട... ഒരുത്തി വന്നിരി ക്കുന്നു ഉപദേശിക്കാൻ. എനി ക്കിഷ്ടമുള്ളത് ഇഷ്ടമുള്ളതു പോലെ ചെയ്യും. പറയും, നീയൊക്കെ കൊണ്ടുപോയി കേസ് കൊടുക്ക്...''

അമ്മ ജോലി തുടർന്നു. മക്കൾ കളിയും.

അച്ഛനും അമ്മയും കഷ്ട പ്പെട്ട് ജീവിച്ച് മിച്ചംവച്ച പണം അഡ്വാൻസ് ആയി നൽകി വാങ്ങിയ പുതിയ ഫ്ളാറ്റാണത്. ബാക്കി തുക മുഴു വൻ ഇനി അവർക്കു സർവീസുള്ള ഇരുപ തു വർഷങ്ങൾകൊണ്ട്

**ശരീരസംബന്ധിയായ കാര്യങ്ങൾ വച്ചുള്ള കമന്റുകൾ പാടില്ല. പറഞ്ഞേക്കാം. അതൊക്കെ നിയമപരമായിത്തന്നെ തടഞ്ഞി രിക്കുന്ന കാര്യങ്ങളാണ്. വർഗം, വർണം എന്നിവയൊക്കെ പറഞ്ഞ് ഒരാളെ വിവരിക്കാൻ പാടില്ല എന്നപോലെ ശരീര പ്രകൃതമനുസരിച്ചും ഒരാളെ വിവരിക്കാൻ പാടില്ല. എനിക്കി ത്തിരി തടിയുണ്ട് അവൾക്കുമുണ്ട്. സമ്മതിച്ചു. പക്ഷേ തടിച്ചികൾ എന്നാരെങ്കിലും വിളിച്ചാൽ ഞങ്ങൾ പ്രശ്ന മുണ്ടാക്കും.**

തവണകളായി അടച്ചുതീർ ക്കണം. എത്ര ചുരുക്കി ജീവി ച്ചിട്ടും അച്ഛന് ആഴ്ചയിലൊരു ദിവസമെങ്കിലും കൂട്ടുകാരോ ടൊത്ത് കൂടാതെ വയ്യ. ജീവിതപ്രാരാബ്ധങ്ങൾക്കിട യിലെ ഒരാശ്വാസം എന്നാണ് അച്ഛനതിന് പറയുക. അമ്മ യാകട്ടെ ഒരു മെഷീൻപോലെ രാവിലെ മുതൽ പ്രവർത്തിച്ചു കൊണ്ടിരിക്കും. പത്രം വായന, ടി വി കാണൽ, എഫ് ബി നോക്കൽ ഒക്കെ യുണ്ട് അമ്മയ്ക്ക്. കൃത്യ സമയത്തേക്കു മാത്രം... എന്നാലും ഒരിക്കലും വെറു തെയിരിക്കുന്ന അമ്മയെ കാണാൻ പറ്റില്ല. മാത്രമല്ല, എന്ത് ചെയ്യുമ്പോഴും അല്പം കാശ് കൂടുതൽ കിട്ടുന്ന മാർഗത്തെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കും അമ്മ.

തങ്ങൾക്കുണ്ടാകുന്ന സംശയങ്ങളൊക്കെ ഗൂഗിൾ ചെയ്ത് ഉത്തരം തേടുന്നു. മക്കളാകട്ടെ അച്ഛനമ്മമാ



രുടെ പൊട്ടത്തരങ്ങളും കൈയോടെ പിടികൂടാറുണ്ട്.

വളരെ ചെറിയപ്രായം മുതലേ ലോകവിശേഷങ്ങൾ ചർച്ച ചെയ്യുന്ന മക്കളെക്കുറിച്ച് അച്ഛനമ്മമാർക്ക് വലിയ മതിപ്പുമാണ്. ലോകത്തെ മാറ്റിമറിക്കുന്ന പല ആശയങ്ങളും കേട്ടുമനസ്സിലാക്കുകയും ചർച്ച ചെയ്യുകയും ഒക്കെ എത്ര ആവേശകരമാണ്. മക്കളോടൊപ്പം പുതിയ കാര്യങ്ങൾ പഠിച്ച് മുന്നേറാനല്ലാതെ അവരെ പിടിച്ച് താഴ്ത്തി തങ്ങളോടൊപ്പമാക്കാൻ അച്ഛനുമമ്മയും ഒരിക്കലും ശ്രമിച്ചില്ല.

ഫ്ളാറ്റിലേക്ക് വന്നു കയറിയ ഉടനെ അച്ഛൻ വിളിച്ചുചോദിച്ചു.

കഴിഞ്ഞ് പതിവുപോലെ അമ്മ വീട്ടിലേക്കു നടക്കുകയായിരുന്നു. ചിന്തകൾ ഒഴിഞ്ഞൊരു സമയമില്ല അമ്മയ്ക്ക്. കിട്ടുന്ന പണമൊന്നും ഒന്നിനും തികയുന്നില്ല. കുട്ടികൾക്കുള്ളതൊന്നും ഒഴിവാക്കാനാവില്ലല്ലോ. പഠിക്കാനും മറ്റു പലകാര്യങ്ങൾക്കും വളരെ മിടുക്കരാണ്. മറ്റു കുട്ടികൾ നടക്കുന്നതുപോലെ അവരും നടക്കണ്ടേ. ആഗ്രഹിച്ച് ആഗ്രഹിച്ച് ഇപ്പോളൊരു വീടായി. പക്ഷേ ഇനി എന്തൊക്കെ ബാക്കി കിടക്കുന്നു! ജീവിതത്തിലതൊക്കെ സാധിച്ചെടുക്കണ്ടേ. പെട്ടെന്നാണ് അമ്മ ഓർത്തത്, ഇന്നു തന്റെ പിറന്നാളല്ലേയെന്ന്. കുട്ടിയായിരുന്ന



**സത്യം പറഞ്ഞാൽ അപ്പോഴത്തെ നിശ്ശബ്ദത അവരെ ഭയപ്പെടുത്തി. പുതിയ ഫ്ളാറ്റിൽ ആദ്യമായാണ് തനിയെ. അതും രാത്രി ഇരുട്ടത്ത്. അമ്മയ്ക്കു ഭയം തോന്നി. സ്വിച്ചിട്ടെങ്കിലും വിളക്കുകൾ കത്തുന്നില്ല. എന്തുപറ്റിയോ ആവോ? പെട്ടെന്നാണ് ഒരു വലിയ അലർച്ചയോടെ കുറേപ്പേർ ചാടിവീണതും വിളക്കുകൾ കത്തിയതും. അമ്മ തലകറങ്ങി താഴെവീണു.**



''എന്റെ തങ്കക്കുടങ്ങളൊക്കെ എവിടെ?''

ഓരോ കുഞ്ഞുമുറികളിൽ നിന്നും അമ്മയും മക്കളും ഓടിയെത്തി. അച്ഛന്റെ കൈയിലെ പൊതി തട്ടിപ്പറിച്ചവർ മുളക്ബജിയും ചമ്മന്തിയും കഴിച്ചു. നാവെരിച്ച് അമ്മ പറഞ്ഞു. '

'കുട്ടികളെ ഇങ്ങനെ മുളകു തീറ്റിക്കണ്ട. നല്ല എരിവാ..''

അച്ഛന്റെ കണ്ണിൽ ചുമന്ന ഉണക്കമുളക് തെളിഞ്ഞു. അമ്മ അച്ഛന്റെ കൈയിൽ പിടിച്ചു. മക്കൾ ആ കൈകൾക്കിടയിലേക്ക് കയറി.

''ബജി നല്ല സ്വാദ്..''

അവർ വിരലുകൾ നക്കി.

അടുത്ത ദിവസം ജോലി

പ്പോൾ അമ്മ രാവിലെ ഉണർത്തി കുളിപ്പിച്ച് പുതിയ ഉടുപ്പ് ഇടീപ്പിച്ച് അമ്പലത്തിൽ കൊണ്ടുപോയിവന്ന് ഗണപതിക്ക് നേദിച്ച് തനിക്ക് ദൂരദർശനിലയിൽ വിളമ്പിത്തരുന്ന വിഭവങ്ങൾ. പഴം നുറുക്കും നുറുക്കുപ്പേരീം. ഇഷ്ടംപോലെ... ഇപ്പോൾ ഇതൊന്നും ഇല്ലാത്ത പിറന്നാളുകളാണ്. അമ്മ ഇല്ലെങ്കിൽ പിറന്നാളും ഇല്ല എന്ന് തോന്നുന്നു. ചക്കരയും പഞ്ചാരയും അച്ഛനുമായി ഇന്നു വൈകിട്ട് കച്ചേരിക്ക് പോകുമെന്നു പറഞ്ഞിരുന്നു. അവരുടെ ഒപ്പം കൂടാമായിരുന്നു. എങ്കിൽ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിച്ചു വരാമായിരുന്നു.

ചിന്തിച്ചുചിന്തിച്ച് ഫ്ളാറ്റെത്തിയത് അമ്മ അറിഞ്ഞില്ല. കോറിഡോറിലെ ലൈറ്റുപോലും ഇടാതെയാണവർ പോയിരിക്കുന്നത്. അതു ചോദിച്ചാൽ ഉടനെ കുട്ടികൾ കറന്റ് സംരക്ഷണത്തെക്കുറിച്ച് പ്രസംഗിക്കാൻ തുടങ്ങും. ഫ്ളാറ്റിന്റെ വാതിൽ തുറന്ന് ഇരുട്ട് കട്ടകെട്ടിക്കിടക്കുന്ന മുറിക്കകത്തേക്ക് അമ്മ കയറി. സത്യം പറഞ്ഞാൽ അപ്പോഴത്തെ

നിശ്ശബ്ദത അവരെ ഭയപ്പെടുത്തി. പുതിയ ഫ്ളാറ്റിൽ ആദ്യമായാണ് തനിയെ. അതും രാത്രി ഇരുട്ടത്ത്. അമ്മയ്ക്കു ഭയം തോന്നി. സ്വിച്ചിട്ടെങ്കിലും വിളക്കുകൾ കത്തുന്നില്ല. എന്തുപറ്റിയോ ആവോ? പെട്ടെന്നാണ് ഒരു വലിയ അലർച്ചയോടെ കുറേപ്പേർ ചാടിവീണതും വിളക്കുകൾ കത്തിയതും. അമ്മ തലകറങ്ങി താഴെവീണു. ആരോ ശക്തമായി മുഖത്തേക്കൊഴിച്ച വെള്ളതുള്ളികൾ തുടച്ച് അമ്മ കണ്ണുതുറന്നു. ചുറ്റിലും ഭർത്താവും കുട്ടികളും അവരുടെ കൂട്ടുകാരും.

ചക്കരയും പഞ്ചാരയും അമ്മയെ കെട്ടിപ്പിടിച്ചു.

''അമ്മാ... ഞങ്ങൾ സർപ്രൈസ് പാർട്ടി ഒരുക്കിയതാ...ബർത്ഡേ പാർട്ടി... ദേ കേക്ക്, ദാ.. ബലൂൺ... എല്ലാമുണ്ട്... എല്ലാരുമുണ്ട്. കുട്ടികൾ മുഴുവൻ അച്ഛനോടൊപ്പം അമ്മയുടെ മുഖത്തേക്കു നോക്കിനിന്നു.

ഇടതു നെഞ്ചിൽ കൈയമർത്തി അമ്മ അച്ഛനോടു കയർത്തു.

''ഇത്ങ്ങൾക്ക് വട്ടാണെന്നറിയാം, നിങ്ങൾക്കും അത് പകർന്നോ മനുഷ്യാ?''

അച്ഛൻ ചമ്മിച്ചമ്മി പറഞ്ഞു!

''എല്ലാത്തിന്റേം തുടക്കം താനല്ലേടോ?''

കുട്ടികൾ പൊട്ടിച്ചിരിച്ചു.

'ചക്കര പഞ്ചാര അമ്മയ്ക്ക് ഉമ്മ' എന്നെഴുതിയ കേക്ക് കണ്ടപ്പോൾ അമ്മ ചിരിക്കൊപ്പം കൂടി.

രാജശ്രീ പറഞ്ഞു.

''ശ് ശ് ശ്... ആരും ഇവിടെ ഉറക്കെ ചിരിക്കരുത്. ഫ്ളാറ്റാണിത്. താഴെ താമസക്കാരുണ്ട്. എല്ലാവരും വാപൊത്തി.''

കേക്കിന്റെ ഒരുകഷണം വായിൽവയ്ക്കുമ്പോൾ അമ്മ പറഞ്ഞു. ''വെറുതെ ഇതിനൊക്കെ കാശു കളഞ്ഞു. മക്കൾ പറയുന്നതാണ് ശരി. വെറുതെ ജീവിച്ചാൽ പോരാ. രാഷ്ട്രീയമായിക്കൂടി ചിന്തിക്കണം.''

മക്കളുടെ മനസ്സിൽ ഒരേകാര്യം കടന്നുപോയി അപ്പോൾ.

''നമ്മൾ മരിച്ചാലും മരിക്കാതെ എപ്പോഴും നമ്മെ പിന്തുടരുന്ന ഒന്നാണ് അമ്മയുടെ ശബ്ദം.''







# അവർ വരുന്നൂ

**സി എം വിനയചന്ദ്രൻ**

ഉച്ചവെയിൽ-
ക്കനവുകളിൽ
പിച്ച നടന്നും

കൊച്ചുമുകിൽ
ച്ചിറകുകളിൽ
വിണ്ണിലലഞ്ഞും

ചിത്രമുഖ-
ച്ചില്ലുപാളി
തെല്ലു തുറന്നും

മെച്ചമേറും
ചിന്തകളാൽ
ഉള്ളുനിറഞ്ഞും

മഴമുടിയിൽ
തൂങ്ങിയാർത്തു
കുളിരു നുണഞ്ഞും

മണ്ണിലുണ്ണി-
ക്കണ്ണു ചേർത്ത്
വഴികളറിഞ്ഞും

കൂട്ടുകൂടി
ഒത്തുപാടി-
യാടി വരുന്നൂ

പുതുയുഗത്തിൻ
പൂക്കളുമായ്
ഈ കുരുന്നുകൾ...!







വര: ബോബി എം പ്രഭ



# മരങ്ങളിലൂടെ, മരങ്ങൾക്കടിയിൽ വളർന്ന സൗഹൃദം

അനിത എസ്

നഗരത്തിലെ വ്യത്യസ്ത സ്കൂളുകളിൽ പഠിക്കുന്ന മിടുക്കികളാണ് 13 വയസ്സുകാരി നിവേദിതയും 15 വയസ്സുകാരി മീനാക്ഷിയും. ഇവർ ഒരു വൈകുന്നേരം നഗരമധ്യത്തിൽ വളരുന്ന ഒരു വലിയ മരത്തിനടിയിൽ അവരുടെ മാതാപിതാക്കൾക്കൊപ്പം ഒത്തുകൂടി. അവിടെയെത്തിയപ്പോഴാണ് രസകരമായ ഒരു ആഘോഷം നടക്കുന്ന കാര്യം അവർ അറിഞ്ഞത്. ആ ഉറക്കം തൂങ്ങിമരത്തിന്റെ പിറന്നാളാഘോഷം അവിടെ സംഘടിപ്പിച്ചിരിക്കുന്നു.

തോരണങ്ങളും പൂമാലകളും കൊണ്ടവർ മുത്തശ്ശിമരത്തെ അലങ്കരിച്ചു. അതിനെ മുറിക്കുവാൻ തയ്യാറായി നിന്ന തുണിക്കടമുതലാളിമാരെ മരത്തിന്റെ മൂല്യത്തെ



മരസംരക്ഷണം – ഒരോർമപ്പെടുത്തൽ

ക്കുറിച്ച് ബോധവത്കരിച്ചു. തുണിക്കടയുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി ദീപാലങ്കാരങ്ങൾ തൂക്കിയിടുവാൻ മരത്തിൽ തറച്ചിരുന്ന ആണികൾ നീക്കം ചെയ്യുവാൻ അധികൃതരെയവർ നിർബന്ധിച്ചു സമ്മതിപ്പിച്ചു.

മരത്തിന്റെ പിറന്നാൾ കേക്ക് മുറിച്ചുകൊണ്ടാണ് അവർ ആഘോഷിച്ചത്. നഗരത്തിന്റെ നടുവിൽ ഇത്രയും തണലും തണുപ്പും നൽകിക്കൊണ്ട് ഒരു മഴമരം വളരുന്നതിന്റെ പാരിസ്ഥിതികമൂല്യമവർ മനസ്സിലാക്കി. പൂർണവളർച്ചയെത്തിയ ഒരു മഴമരം 20,000 കിലോഗ്രാം കാർബൺ അതിന്റെ ശരീരത്തിൽ സ്വാംശീകരിച്ചിട്ടുണ്ടാവും എന്ന് പഠനങ്ങൾ കാണിക്കുന്നു. അതിനർഥം അന്തരീക്ഷത്തിൽനിന്നും ഭൂമിയുടെ ചൂട് വർധിപ്പിക്കുന്ന കാർബൺഡയോക്സൈഡ് നീക്കം ചെയ്യുന്ന പ്രക്രിയ മരത്തിലൂടെ നിർവഹിക്കപ്പെടുന്നു എന്നാണ്. ഹരിതഗൃഹപ്രഭാവത്തിന്റെ രൂക്ഷതയിൽനിന്നും നഗരവൽക്കരണത്തിന്റെ ചൂടിൽനിന്നും ഭൂമിയെ സംരക്ഷിക്കുവാൻ മരത്തിനു കഴിയും. മുത്തശ്ശിമരത്തിന്റെ പിറന്നാൾ ആഘോഷിക്കുവാൻ ഇതിൽ കൂടുതൽ കാരണമെന്തുവേണം?

പുതിയ അറിവ് നേടിയതിന്റെ സന്തോഷത്തോടെയും പുത്തൻ സൗഹൃദത്തിന്റെ ഊഷ്മളതയോടെയുമാണ് നിവേദിതയും മീനാക്ഷിയും അന്നു പിരിഞ്ഞത്.

പിന്നെയവർ കണ്ടുമുട്ടിയത് വളരെ പ്രധാനപ്പെട്ട ഒരു മരസംരക്ഷണ പരിപാടിക്ക് വേണ്ടിയായിരുന്നു. അതും ഒരു മഴമരത്തിനടിയിൽ ത്തന്നെ. നഗരത്തിലെ റോഡരികിൽ ബസ്സ് സ്റ്റാൻഡിലെ

**മരത്തിന്റെ പിറന്നാൾ കേക്ക് മുറിച്ചുകൊണ്ടാണ് അവർ ആഘോഷിച്ചത്. നഗരത്തിന്റെ നടുവിൽ ഇത്രയും തണലും തണുപ്പും നൽകികൊണ്ട് ഒരു മഴമരം വളരുന്നതിന്റെ പാരിസ്ഥിതികമൂല്യമവർ മനസ്സിലാക്കി. പൂർണ വളർച്ചയെത്തിയ ഒരു മഴമരം 20,000 കിലോഗ്രാം കാർബൺ അതിന്റെ ശരീരത്തിൽ സ്വാംശീകരിച്ചിട്ടുണ്ടാവും എന്ന് പഠനങ്ങൾ കാണിക്കുന്നു.**




മുത്തശ്ശിമരത്തിന്റെ പിറന്നാളാഘോഷം




മുത്തശ്ശിമരത്തിന്റെ പിറന്നാളോടനുബന്ധിച്ചുള്ള കേക്കുമുറിക്കൽ ചടങ്ങ്

**വർഷങ്ങളായി വളർന്നു നിൽക്കുന്ന ഈ മരത്തിന്റെ തണൽ തൊട്ടടുത്ത സ്കൂളിലെ കുട്ടികൾക്കും പള്ളിയിൽവന്ന് പ്രാർഥിച്ചു പോകുന്നവർക്കും തെല്ലൊരാശ്വാസമല്ല നൽകുന്നത്. അപകടകാരിയല്ലാത്ത ഈ മരത്തെ മുറിക്കുന്നത് അന്യായമാണെന്നു കാണിച്ചു കൊണ്ടവർ നിവേദനം നൽകി.**

ജനങ്ങൾക്ക് തണലേകി നിന്നിരുന്ന ആ മരം അപകടകാരിയാണെന്ന് ആരോ പറഞ്ഞു. കൂടുതലൊന്നും ആലോചിക്കാതെ അത് മുറിച്ചുമാറ്റാൻ ചിലർ തയ്യാറെടുത്തു. അതോടെയാണ് കുറച്ചുപേരതിൽ ഇടപെട്ടത്. നമ്മുടെ കൂട്ടുകാരികളുടെ അമ്മമാരും സുഹൃത്തുക്കളും ചേർന്ന് കളക്ടറെ വിളിച്ചു കാര്യങ്ങൾ ബോധിപ്പിച്ചു. വർഷങ്ങളായി വളർന്നു നിൽക്കുന്ന ഈ മരത്തിന്റെ തണൽ തൊട്ടടുത്ത സ്കൂളിലെ കുട്ടികൾക്കും പള്ളിയിൽവന്ന് പ്രാർഥിച്ചു പോകുന്നവർക്കും തെല്ലൊരാശ്വാസമല്ല നൽകുന്നത്. അപകടകാരിയല്ലാത്ത ഈ മരത്തെ മുറിക്കുന്നത് അന്യായമാണെന്നു കാണിച്ചു കൊണ്ടവർ നിവേദനം നൽകി. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയ കളക്ടർ മരംമുറി തടഞ്ഞു കൊണ്ട് ഉത്തരവിറക്കി.

പിന്നെ നടന്ന പരിപാടിയിലാണ് നിവേദിതയും മീനാക്ഷിയും സന്തോഷത്തോടെ പങ്കാളികളായത്. തൊട്ടടുത്ത സ്കൂളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 'മരത്തിനുവേണ്ടി അര രൂപ' എന്ന പരിപാടി നടന്നു. ഓരോ കുട്ടിയും ഒരു പോസ്റ്റ് കാർഡിൽ ഈ മഴമരം തങ്ങൾക്ക് എത്ര വിലപ്പെട്ടതാണെന്ന് വിശദീകരിച്ച്, അതിനെ സംരക്ഷിക്കുവാൻ മുൻകൈയെടുത്ത കളക്ടർക്ക് നന്ദി പറഞ്ഞു കൊണ്ടെഴുതി. മഴമരത്തിന്റെ അടിയിലുള്ള പോസ്റ്റ് ബോക്സിലേക്ക് ജാഥയായി നടന്ന് കുട്ടികൾ കത്തുകൾ പോസ്റ്റു ചെയ്തു. ധാരാളം തമാശകളും മുദ്രാവാക്യങ്ങളും പുത്തൻ സൗഹൃദങ്ങളും ചേർന്നൊരു രസകരമായ വൈകുന്നേരം കൂടി.

പിന്നെ കുറെക്കാലം സുഹൃത്തുക്കൾ തമ്മിൽ കണ്ടതേയില്ല. പഠിത്തം, പരീക്ഷ, ട്യൂഷൻ, യുവജനോത്സവം... തിരക്കുകൾ നിറഞ്ഞ




മരങ്ങൾക്ക് ഒരു പോസ്റ്റ് കാർഡ്




കുട്ടികൾ കളക്ടർക്ക് അയച്ച പോസ്റ്റ്കാർഡ്

മാസങ്ങൾ! വേനലവധി തുടങ്ങിയതോടെ ഏപ്രിൽ മാസത്തിൽ നിവേദിതയുടെ അമ്മ പറഞ്ഞു. ''ഏപ്രിൽ 22-ാം തീയതി ഭൗമദിനമാണ്. നഗരത്തിലെ ഹരിതശ്വാസകോശം എന്നറിയപ്പെടുന്ന 130 വർഷം പഴക്കമുള്ള മരങ്ങൾക്കടിയിൽവച്ച് 'മരങ്ങൾക്കുവേണ്ടി വരയ്ക്കാം' എന്ന ചിത്രരചനാമത്സരമുണ്ട്. നീയും അതിൽ പങ്കെടുക്കണം.''

നിവേദിത ഉടൻതന്നെ മീനാക്ഷിയെയും സ്കൂളിൽ വച്ച് അന്ന് പരിചയപ്പെട്ട കൂട്ടുകാരെയും അറിയിച്ചു. എല്ലാവരും ഏപ്രിൽ 22-ാം തീയതി അവിടെ കാണാമെന്നു സമ്മതിച്ചു.

നഗരത്തിലെ ചൂടും പൊടിയും തിരക്കും നിറഞ്ഞ സ്ഥലത്താണീ സ്കൂൾ സ്ഥിതി ചെയ്യുന്നത്. പക്ഷേ അതിനകം 100 മരങ്ങൾ ചേർന്നുണ്ടാവുന്ന ശീതള ഛായയുടെ ഒരു ഹരിതശ്വാസകോശമാണ്. പുറത്ത് 33°C കത്തി നിൽക്കുമ്പോൾ ഇതിനകത്തോ 27-28°C മാത്രം! കണ്ണിനും മനസ്സിനും ശരീരത്തിനും പ്രാണവായുവിന്റെ തണുപ്പും ഊർജവും ലഭിക്കും. നഗരത്തിലെ ഏറ്റവും വലിയ മഴമരങ്ങളുൾപ്പെടെ 32 വിവിധയിനം മരങ്ങളിവിടെ വളരുന്നുണ്ട്.

രാവിലെ മുതൽ വിശാലമായ ഈ വിദ്യാലയമുറ്റത്തിരുന്ന് മരങ്ങളെ നോക്കി മരങ്ങൾക്കുവേണ്ടി മരങ്ങൾ വരയ്ക്കുന്നത് അമൂല്യമായ ഒരനുഭവമായി മാറി. മത്സരത്തിൽ വിജയം നേടുന്നതോ, പ്രശംസ ലഭിക്കുന്നതോ ഒന്നും ഈ കൂട്ടുകാരികളുടെ മനസ്സിൽ പ്രാധാന്യമുള്ളതായിരുന്നില്ല. തമ്മിൽ കൂടുതൽ അറിയുവാനും താത്പര്യങ്ങൾ പങ്കിടുവാനും സ്വതന്ത്രവും സ്വച്ഛവും വിശാലവുമായ മരത്തണലല്ലാതെ ഏതാണുത്തമം?

കുറച്ചു ദിവസങ്ങൾക്കു ശേഷം ഇതേ സ്കൂളിൽ തന്നെ വ്യത്യസ്തവും നൂതനവുമായ ഒരു പരിപാടിയിൽ പങ്കുചേരുവാൻ കൂട്ടുകാരികൾക്ക് അവസരമുണ്ടായി. 'മരങ്ങൾക്ക് ഒരു പോസ്റ്റ് കാർഡ്' എന്ന പേരിൽ മരങ്ങൾക്ക് കത്തെഴുതുവാൻ ഒരു മത്സരം. ഇതിൽ പങ്കെടുക്കുവാൻ എത്തിയ നൂറോളം കുട്ടികളിൽ ഇവരും ചേർന്നു. കുട്ടികൾ ആവേശത്തോടെ മരങ്ങളോട് നന്ദി പറഞ്ഞെഴുതി. മനുഷ്യരുടെ ചെയ്തികൾക്കുള്ള ക്ഷമാപണവും നടത്തി.

നഗരവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടാകുന്ന നാഗരിക താപദ്വീപ് പ്രതിഭാസം (Urban Heat Island Effect) കുറയ്ക്കുവാൻ 100 മരങ്ങൾ ചേർന്നുണ്ടാക്കുന്ന ഹരിത ശ്വാസകോശങ്ങൾ എത്രത്തോളം സഹായിക്കുന്നുവെന്ന് അന്നവർ മനസ്സിലാക്കി.

നിവേദിതയ്ക്കും മീനാക്ഷിക്കും പങ്കെടുക്കുവാൻ കഴിയാത്ത ഒരു മരപരിപാടിയെക്കുറിച്ച് അവരുടെ കൂട്ടുകാരൻ അർജുൻ വിളിച്ചു പറയുകയുണ്ടായി. നഗരത്തിൽ ഒരു ചെറിയ റോഡിന്റെ ഓരത്തുനിൽക്കുന്ന നൂറു വർഷത്തിലേറെ പഴക്കമുള്ള ഒരു പുളിമരം റോഡ് വീതി കൂട്ടുന്നതിന്റെ മറവിൽ ചില സ്ഥാപിത താത്പര്യക്കാർ മുറിച്ചുമാറ്റാൻ ശ്രമിച്ചു. തദ്ദേശവാസികളും മരസ്നേഹികളും അവിടെ ഒത്തുകൂടി. നിറയെ പൂക്കളും കായ്കളുമായി വളർന്നു നിൽക്കുന്ന ആ പുളിമരം മുറിക്കാതെതന്നെ റോഡിന് വീതികൂട്ടാമെന്ന് അവർക്കു മനസ്സിലായി. മാത്രമോ പൂർണവളർച്ചയെത്തിയ പുളിമരം 50,000 കിലോഗ്രാം കാർബൺ സ്വന്തം ശരീരത്തിൽ സ്വാംശീകരിക്കുന്നു. നഗരത്തിന്റെ അന്തരീക്ഷമലിനീകരണവും ചൂടും കുറയ്ക്കു



തണൽമരങ്ങൾക്കായി ഒരു ഒത്തുചേരൽ



മരങ്ങൾക്കു വേണ്ടി ഒരു മത്സരം

വാൻ ഇത്തരം മുത്തശ്ശി മരങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് അർജുനൻ വിശദമായി സംസാരിച്ചു. ഈ ഇടപെടലിന്റെ ഫലമായി ആ പുളിമരം ഇന്നും അവിടെ തണലേകി നിൽക്കുന്നു.

ഭൂമിയിൽ ഇന്ന് കാണപ്പെടുന്ന ജൈവവൈവിധ്യത്തിന്റെ പകുതിയിൽ കൂടുതൽ സസ്യങ്ങളാണ്. സമുദ്രങ്ങളിലെ സൂക്ഷ്മപ്ലവസസ്യങ്ങൾ മുതൽ പാറയിടുക്കിലെ പന്നലും കാടിനുള്ളിലെ വൻമരങ്ങളും ഭൂമിയിൽ ജീവൻ സാധ്യമാക്കുന്ന ഓക്സിജന്റെ ഉല്പാദനത്തിൽ വ്യാപൃതരാണ്. അന്തരീക്ഷത്തിലെ ഓക്സിജന്റെ 70% ഉല്പാദിപ്പിക്കുന്നത് സമുദ്രങ്ങളിൽ വളരുന്ന പ്ലവസസ്യങ്ങളാണത്രേ. കരയിലെ സസ്യങ്ങൾ നിർവഹിക്കുന്ന പ്രധാന കർത്തവ്യം ജലചംക്രമണത്തിലാണ്. ഭൂമിയിൽ പതിയുന്ന മഴയുടെ നല്ലൊരു ശതമാനം ഇലകളിലൂടെ തടിയിലേക്കും അതിൽനിന്നും വേരുകൾക്കിടയിലേക്കും ഒഴുകുന്നു. മണ്ണിനടിയിലെ ഭൂഗർഭജല ഉറവകളുടെ പുനഃജീവനം സാധ്യമാകുന്നത് സസ്യാവരണത്തിലൂടെയാണ്. ഭൂമിയിൽ ജീവന്റെ നിലനിൽപ്പ് ഉറപ്പാക്കുന്ന രണ്ട് പ്രധാന ഘടകങ്ങളുടെ ഓക്സിജനും ജലവും- സ്രോതസ്സാണ് ഹരിതസസ്യങ്ങൾ.

**പൂർണവളർച്ചയെത്തിയ പുളിമരം 50,000 കിലോഗ്രാം കാർബൺ സ്വന്തം ശരീരത്തിൽ സ്വാംശീകരിക്കുന്നു. നഗരത്തിന്റെ അന്തരീക്ഷമലിനീകരണവും ചൂടും കുറയ്ക്കുവാൻ ഇത്തരം മുത്തശ്ശിമരങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് അർജുനൻ വിശദമായി സംസാരിച്ചു.**

വൈവിധ്യമാർന്ന ഈ പരിപാടികളിലൂടെ നിവേദിതയും മീനാക്ഷിയും ഉറ്റമിത്രങ്ങളായി. അതുമാത്രമോ കുറെയധികം പുതിയ കൂട്ടുകാരെയും ലഭിച്ചു. ഐഷാ, ഷാരോൺ, അർജുൻ, അനുഭവ്, ആദിത്യൻ, അരുണിമ അങ്ങനെ കുറെ കൂട്ടുകാർ! തങ്ങളുടെ സ്കൂളുകളിലെ മരങ്ങളുടെ വൈവിധ്യവും മൂല്യവും വിശദമായി പഠിക്കുവാൻ തീരുമാനിച്ചിരിക്കുകയാണിവർ. മാത്രമോ തങ്ങളുടെ വീടിനു ചുറ്റുമുള്ള പൊതുസ്ഥലങ്ങൾ പാർക്കുകൾ എന്നിവയിലെ സസ്യാവരണം വർധിപ്പിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങുവാനും ഈ കുട്ടിക്കൂട്ടായ്മ തീരുമാനിച്ചിരിക്കുന്നു.

മരങ്ങൾക്കടിയിലൂടെ, മരങ്ങളിലൂടെയുണ്ടായ സൗഹൃദം എത്ര വേഗമാണ് മരങ്ങൾക്കു വേണ്ടിയുള്ളതായി മാറിയത്.

# വെള്ളം പാഴാക്കരുത്

## സുഗതകുമാരി

നിങ്ങൾ പല്ലുതേയ്ക്കുമ്പോൾ എത്ര വെള്ളം പാഴാക്കാറുണ്ട്. പൈപ്പുതുറന്നിട്ടു കൊണ്ടല്ലേ അധികം പേരും പല്ലുതേയ്ക്കുന്നത്? കുളിക്കുമ്പോഴോ? എന്തു വെള്ളമാണ് ഒഴുക്കിക്കളയുന്നത്...! വസ്ത്രങ്ങൾ നനയ്ക്കുമ്പോഴോ! പാത്രം കഴുകുമ്പോഴോ...! വെള്ളം വെറുതെ കളഞ്ഞുകളഞ്ഞു പഠിച്ചുപോയി മലയാളികൾ. കാരണം നമുക്കു വെള്ളത്തിനോടു ബഹുമാനമില്ല. അതു ചുമ്മാ കിട്ടുന്നതാണ്...!

നാം വീട്ടുവെള്ളം മാത്രമല്ല എല്ലാ വെള്ളവും പാഴാക്കുന്നവരാണ്. നമ്മുടെ നാൽപ്പത്തിനാലു പുഴകളും മലിനമായിക്കഴിഞ്ഞു. നമ്മുടെ മിക്കവാറും കുളങ്ങളും തണ്ണീർത്തടങ്ങളുമെല്ലാം നികത്തി കെട്ടിടങ്ങൾ ഉയർത്തിക്കഴിഞ്ഞു. അന്നം തരിക മാത്രമല്ല മഴവെള്ളം ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന വയലെല്ലാം മിക്കവാറും നികത്തി കോൺക്രീറ്റിട്ടു കഴിഞ്ഞു. മഴവെള്ളം മണ്ണിൽ കിനിഞ്ഞിറങ്ങാതെ മുറ്റമെല്ലാം സിമന്റും ടൈൽസുമിട്ടു മോടിപിടിപ്പിച്ചുകഴിഞ്ഞു. കുഴൽക്കിണറുകൾ പതിനായിരക്കണക്കിനു കുത്തി ഭൂഗർഭജലവും ചോർത്തിയെടുത്തുകൊണ്ടിരിക്കുന്നു. കിണറെല്ലാം വറ്റിത്തുടങ്ങി. അണക്കെട്ടുകളുടെ അടി കണ്ടു തുടങ്ങി. ആകാശത്തെങ്ങും ഒരു മഴമേഘശകലംപോലും നീന്തിയെത്തുന്നില്ല.

അപ്പോൾ നാമിനിയെന്തു ചെയ്യണം? മഴവരാൻ പ്രാർഥിക്കാം അല്ലേ? മഴ വരും വഴിയെല്ലാം അടച്ചിട്ട്, മരങ്ങൾ ദയവെന്യേ വെട്ടിത്തുലച്ചിട്ട്, മലകളെല്ലാം ഇടിച്ചു ലോറിയിൽ കയറ്റിയിട്ട്, ഉറവകളെയെല്ലാം കൊന്നുകഴിഞ്ഞിട്ട്, സസ്യപർവത ശിഖരങ്ങളെ പാറമടക്കാർക്കു തീറെഴുതിക്കൊടുത്തിട്ട് മേലോട്ടു നോക്കി പ്രാർഥിച്ചാൽ ഈശ്വരൻ കേൾക്കുമോ? ചെയ്ത തെറ്റുകളുടെ ഫലം അനുഭവിക്കേണ്ടി വരില്ലേ? സഹിക്കുകതന്നെ.

തത്കാലം മറ്റൊന്നും ചെയ്യാനില്ല. ബാക്കിയുള്ള വെള്ളമെങ്കിലും സൂക്ഷിച്ചുപയോഗിക്കുക. ബാക്കിയുള്ള പച്ചപ്പിനെയെങ്കിലും വെട്ടിമുറിക്കാൻ അനുവദിക്കാതിരിക്കുക. വരുംകാലത്തെങ്കിലും വെള്ളത്തെ നിന്ദിക്കുകയില്ലെന്ന്, മലിനമാക്കില്ലെന്ന് ഉറപ്പുവരുത്തുക. അടുത്ത മഴക്കാലം വേഗം വരട്ടെ. അപ്പോൾ നിങ്ങളുടെ കൊച്ചു കൈകൾ കൊണ്ട് ധാരാളം മരങ്ങൾ നട്ടുപിടിപ്പിക്കുക. അത്രയൊക്കെയെ സാധിക്കൂ. അതിനാൽ ഇനി മഴവരുന്നതും കാത്ത് നമുക്ക് മാനത്തു കണ്ണുംനട്ടിരിക്കാം അല്ലേ? മറ്റെന്തെങ്കിലും വഴിയുണ്ടോ? പറയൂ.... എനിക്കറിഞ്ഞുകൂടാ....!



വര:സുധീർ പി വൈ

# വാക്കിന്റെ കഥ

ഡോ. രാധികാ സി നായർ

ഭാഷയിലെ വാക്കുകളുടെ വൈപുല്യത്തെക്കുറിച്ചോർത്ത് അമ്പരക്കാറുണ്ടോ നിങ്ങൾ? മലയാളഭാഷ പഠിക്കുമ്പോൾ പരത്തിപ്പറയുന്നതിനെ ഒറ്റ വാക്കിലൊതുക്കാനും ഒരു വാക്കിനു പല മറുവാക്കുകൾ തിരയാനും നിങ്ങൾ ശീലിച്ചിട്ടില്ലേ? അപ്പോഴൊക്കെ ഓർത്തു നോക്കിയിട്ടുണ്ടോ ഈ വാക്കുകൾ വന്നതെങ്ങനെയെന്ന്? അതുപോകട്ടെ വാക്കുകളുടെ ഉറവിടത്തെക്കുറിച്ചാലോചിച്ചില്ലെങ്കിലും ഭാഷയിൽനിന്നും പൊയ്പ്പോയ വാക്കുകളെക്കുറിച്ചോർത്തു നോക്കിയിട്ടുണ്ടോ? പണ്ടു നിങ്ങളുടെ കുട്ടിക്കാലത്തുപയോഗിച്ചിരുന്ന നിങ്ങൾക്കു പരിചിതമായ എത്ര വാക്കുകളാണു മറവിയിലേക്കും വിസ്മൃതിയിലേക്കും തള്ളിയിടപ്പെട്ടത്. അപ്പോൾ നിങ്ങളുടെ തലമുറതലമുറകൾക്കു മുമ്പ് നമുക്കു തുണയായി നിന്ന എത്ര വാക്കുകൾ മാഞ്ഞുപോയിട്ടുണ്ടാകും. ആലോചിച്ചു നോക്കൂ. ഒരുവാക്കു മറയുമ്പോൾ മായുന്നത് ഒരു സാംസ്കാരികചിഹ്നം കൂടിയാണ്. എന്നുവച്ചാൽ നാം വിസ്മൃതിയിലേക്കു തള്ളിയിട്ട വാക്കുകൾ സംസ്കാരത്തിന്റെ ഒരു ഭാഗത്തെക്കൂടിയാണു മറവിയിലേക്കു വലിച്ചെറിയുന്നതെന്ന്. എത്രയെങ്കിലുമുണ്ട് ഉദാഹരണങ്ങൾ.

പണ്ടു ഞങ്ങളുടെ കുട്ടിക്കാലത്ത്, ഇന്നത്തെപ്പോലെ ടൂത്ത്ബ്രഷും പേസ്റ്റും മൗത്ത് വാഷും ജെല്ലും ഒന്നുമില്ലാതിരുന്ന കാലത്ത് ഉമിക്കരി കൊണ്ടാണ് ഞങ്ങൾ പല്ലു തേച്ചിരുന്നത്. ഉമിക്കരി എന്താണെന്നറിയാമോ? ഉമിയുടെ കരിതന്നെ. നെന്മണിയുടെ പുറംപാളിയാണ് ഉമി. എല്ലാ ധാന്യങ്ങൾക്കും പുറംപാളി ഉണ്ടെങ്കിലും 'ഉമി' എന്ന് പറയുന്നത് നെല്ലിന്റെ പുറംതോടിനെ മാത്രമാണ്. പുഴുങ്ങിക്കുത്തിയാലും പുഴുങ്ങാതെ കുത്തിയാലും നെല്ല് അരിയാക്കുന്നതിനിടയിൽ ഉമി വേർതിരിഞ്ഞുകിട്ടും. ഈ ഉമിയെയാണു മൺചട്ടിയിലോ ഇരുമ്പുചട്ടിയിലോ വച്ച് വിറകടുപ്പത്തു വറുത്തു കരിക്കുന്നത്. അതിനൊരു പ്രത്യേകപാകമുണ്ട്. ആ പാകത്തിലാകുമ്പോൾ ചട്ടിയിൽനിന്ന് കരിഞ്ഞ ഉമിയെ പരന്നപ്രതലത്തിൽ – മുറത്തിലോ, കടലാസിലോ തട്ടി നിരത്തിയിട്ടു തണുപ്പിക്കും.

ഇതുകൊണ്ടാണ് പണ്ടു ഞങ്ങളൊക്കെ പല്ലുതേച്ചിരുന്നത്. ഞങ്ങളെന്നു പറഞ്ഞാൽ ഇപ്പോഴീ തളിരു വായിച്ചുകൊണ്ടിരിക്കുന്ന കുറുമ്പന്റെയും കുറുമ്പിയുടെയും അച്ഛനമ്മമാരോ മുത്തശ്ശീമുത്തശ്ശന്മാരോ ഒക്കെ. കൊച്ചുകുഞ്ഞായിരിക്കുമ്പോൾ പല്ലുതേപ്പിക്കാൻ ഉമിക്കരി തള്ളവിരലും ചൂണ്ടുവിരലും കൊണ്ട് അമർത്തിപ്പൊടിച്ചു മൃദുവാക്കിത്തരും. തനിയെ പല്ലു തേയ്ക്കാൻ പ്രായമാകുമ്പോൾ മൃദുവായി പൊടിച്ചുതരാനൊന്നും ആരുമുണ്ടാവില്ല. നീളൻതരികൾ നിറഞ്ഞ ഉമിക്കരിയിൽ ഉപ്പുചേർത്തും ചേർക്കാതെയും പല്ലു തേയ്ക്കും. ചൂണ്ടുവിരൽ ചെറുതായി നനച്ച് ഇടത് ഉള്ളംകൈയിൽ എടുത്തുവച്ച ഉമിക്കരിയിൽ പതിയെ അമർത്തി, അപ്പോൾ കിട്ടുന്നത്രയും ഉമിക്കരിക്കൊണ്ടാണു പല്ലുതേപ്പു തുടങ്ങുക. മധുരമില്ല, മണമില്ല, മൃദുവല്ല പക്ഷേ, അന്നു 'നല്ല മുല്ല മൊട്ടുപോലുള്ള പല്ലുകൾ വരട്ടെ'യെന്നാണ് അമ്മ പറയാറ്. പലർക്കും നിരയൊത്ത നല്ല പല്ലുകളുണ്ടായിരുന്നു. പല്ലുന്തിപ്പോയതിന്റെ അപകർഷത്തിൽ ഞങ്ങളുടെ തല

**ഉമിക്കരി എന്താണെന്നറിയാമോ? ഉമിയുടെ കരിതന്നെ. നെന്മണിയുടെ പുറംപാളിയാണ് ഉമി. എല്ലാ ധാന്യങ്ങൾക്കും പുറംപാളി ഉണ്ടെങ്കിലും 'ഉമി' എന്ന് പറയുന്നത് നെല്ലിന്റെ പുറംതോടിനെ മാത്രമാണ്. പുഴുങ്ങിക്കുത്തിയാലും പുഴുങ്ങാതെ കുത്തിയാലും നെല്ല് അരിയാക്കുന്നതിനിടയിൽ ഉമി വേർതിരിഞ്ഞുകിട്ടും. ഈ ഉമിയെയാണു മൺചട്ടിയിലോ ഇരുമ്പു ചട്ടിയിലോവച്ച് വിറകടുപ്പത്തു വറുത്തു കരിക്കുന്നത്.**

മുറയിൽപ്പെട്ടവർ ദന്തഡോക്ടറെ കാണാൻ ക്യൂനിന്നിട്ടുമില്ല. ഉന്തിയ പല്ലുള്ളവർ ജന്മനാലുള്ള വൈകല്യമാണെന്നു കണക്കാക്കിയിരുന്നതേയുള്ളൂ. എങ്ങാനും വിരലൊന്നു മാറിപ്പോയാൽ ഊനിൽ വിരൽതട്ടി ഉമിക്കരിത്തുമ്പുകൊണ്ട് ഊനു* നോവും. ചുവക്കും. ഉമിക്കരി കിട്ടാത്തവരോ അതുകൊണ്ടു തേയ്ക്കാനിഷ്ടമില്ലാത്തവരോ നല്ല മാവിലകൊണ്ടോ വേപ്പിൻതണ്ടു ചതച്ചെടുത്ത നാടൻബ്രഷുകൊണ്ടോ ആണു പല്ലുതേച്ചിരുന്നത്. സ്കൂളിൽ പോകാനുള്ള കുട്ടികൾ ചടപടയെന്നു വെപ്രാളത്തിൽ പല്ലു തേച്ചെന്നു വരുത്തി മറ്റു പ്രഭാതകൃത്യങ്ങളിലേക്കു കടക്കുമ്പോൾ മുതിർന്നവർ ഒരു അനുഷ്ഠാനമെന്നപോലെയാണ് പല്ലുതേച്ചിരുന്നത്. നടന്നും തെല്ലുനിന്നും ഇരുന്നും കാലുകൊണ്ടു മുറ്റത്തെ കളകൾ പറിച്ചെറിഞ്ഞും ചെടികളെ പുന്നാരിച്ചും കുറച്ചു സമയമെടുക്കുന്ന ഒരു പ്രക്രിയയായിരുന്നു അത്. ചടപടക്കുട്ടികളുടെ മുൻവരിപല്ലിനിടയിൽ ചിലപ്പോൾ ഉമിക്കരിയുടെ നീളൻതരി പറ്റിപ്പിടിച്ചിരിക്കും.

പല്ലുതേച്ചു കഴിഞ്ഞാൽ നാവുവടിക്കാൻ സ്റ്റീലിലോ പ്ലാസ്റ്റിക്കിലോ നിർമിച്ച നാവുവടിയൊന്നും അന്നുണ്ടായിരുന്നില്ല. 'ടങ്ക്ക്ലീനർ' എന്ന ആംഗലേയപദത്തിൽ വ്യവഹരിക്കപ്പെടുന്ന ആ വസ്തുവിനുപകരം നല്ല പച്ചീർക്കിൽ കൊണ്ടാണു നാവുവടിച്ചിരുന്നത്. വൈകുന്നേരങ്ങളിൽ സമയം കിട്ടിയാൽ (അന്ന് മിക്സിയും ഗ്രൈൻഡറും വാഷിങ് മെഷീനും ടി വിയും മ്യൂസിക് പ്ലെയറും എന്തിനധികം റേഡിയോയും കറന്റും പോലും ദുർലഭമായിരുന്ന കാലമായിരുന്നു എന്നോർക്കണം. അമ്മിയിലരച്ച്, ഉരലിലിടിച്ച്, ആട്ടുകല്ലിൽ ആട്ടിയെടുത്ത്, തിരികല്ലിൽ പൊടിച്ചെടുത്ത് അടുപ്പിൽ വേകിച്ചാണ് ഭക്ഷണം പാകം ചെയ്തിരുന്നത്. പിടിപ്പതു പണിയുണ്ടെന്നർഥം) തലേന്നുതന്നെ മുറ്റത്തേക്കു ചാഞ്ഞുനിൽക്കുന്ന തെങ്ങോലയിൽ നിന്നൂരിയെടുത്തോ, പറമ്പിൽ ചെന്ന് ഓലവെട്ടിക്കൊണ്ടുവന്ന് ഊരിയെടുത്തോ പിറ്റേന്നത്തേക്കുള്ള നാവുവടി ഈർക്കിൽ മുറിച്ചുവയ്ക്കും. അതും അധികദിവസത്തേക്ക് എടുത്തുവയ്ക്കാൻ പറ്റില്ല. പച്ചപ്പുപോയാൽ ഈർക്കിൽ നെടുകെ കീറാൻ പറ്റില്ല. ഈർക്കിൽക്ഷണത്തെ നെടുകെ കീറിയെടുത്ത് അതുകൊണ്ടാണു നാവുവടിച്ചിരുന്നത്. ഈർക്കിൽ നെടുകെ



വര: സചീന്ദ്രൻ കാറഡുക്ക

* മോണ

കീറുന്നതു തന്നെ ഒരഭ്യാസമാണ്. വഴക്കമില്ലെങ്കിൽ പാതിയിൽവച്ച് കീറൽ ഒരു ഭാഗത്തേക്കാവും. കിണറ്റിൽനിന്നു വെള്ളം പാള കൊണ്ടോ തൊട്ടിയും കയറും ഉപയോഗിച്ചോ വലിച്ചുകയറ്റിയെടുത്താണ് ആവശ്യത്തിന് ഉപയോഗിക്കുക. പൈപ്പുവെള്ളം നാട്ടിൻപുറങ്ങളിലുണ്ടായിരുന്നില്ല.

നാഗരികതയുടെ ഫലമായി വ്യാവസായികത ഗ്രാമത്തെ കീഴടക്കിയപ്പോൾ നമുക്കു ലഭിച്ചത് മുത്തുപോലെ തിളക്കമാർന്ന പല്ലുകൾക്കു മണവും മൃദുത്വവും മധുരവുമുള്ള ആയാസരഹിതമായ പേസ്റ്റ് ആണെങ്കിൽ അവ ഭാഷയിൽനിന്നും സംസ്കാരത്തിന്റെ ചില ശേഷിപ്പുകളെ മായ്ച്ചുകളയുകയും ചെയ്തു. ഉമിക്കരി, പച്ചീർക്കിൽ നാക്കുവടി, വേപ്പിൻതണ്ടുബ്രെഷ്, അമ്മി, ഉരൽ ഉലക്ക, ആട്ടുകല്ല്, തിരികല്ല്, പാള....നോക്കൂ ഭാഷയുടെ ഉമ്മറപ്പടിയിൽനിന്ന് കണ്ണീരോടെ തട്ടിൻപ്പുറത്തേക്ക് ചുരുങ്ങിയൊതുങ്ങിയ വാക്കുകൾ.

ഇനിയുമുണ്ട്. മറവികൊണ്ട് നാം ഒതുക്കിവച്ച സംസ്കാരത്തിന്റെ പഴക്കക്കാർ. രാജഭരണം പോയപ്പോൾ പല്ലുതേപ്പുമായി ബന്ധപ്പെട്ട ഒരു പദം ഭാഷയിൽനിന്ന് അപ്രത്യക്ഷമായതുകൂടി പറയട്ടെ. രാജകുടുംബാംഗങ്ങൾ പല്ലുതേയ്ക്കുന്നതിനെ 'തിരുമുത്തുവിളക്കൽ' എന്നാണു പണ്ടു പറഞ്ഞിരുന്നത്.

ഉമിക്കരിക്കു ബദലായി അന്നു പൽപ്പൊടി ഉണ്ടായിരുന്നു. നല്ല ഇളംറോസ് നിറത്തിൽ മണമുള്ള മൃദുവായ പൊടി. നാട്ടിൻപുറങ്ങളിൽ പലയിടങ്ങളിലും അതും അന്ന് അപരിചിതമായിരുന്നു. വീക്കോ വജ്രദന്തി എന്ന കമ്പനി ആ പേരിൽ ഭാഷയ്ക്ക് ഒരു വാക്കും സമ്മാനിച്ചു. *ദന്തധാവന ചൂർണം*- പൽപ്പൊടിതന്നെ. ദന്തത്തെ ധാവനം ചെയ്യുന്നത്, കഴുകുന്നത് എന്നർഥം. ഉമിക്കരിക്കൊണ്ടുള്ള പല്ലുതേപ്പിന്റെ വേദനയിൽ രാവിലെ അനുസരണക്കേടു കാണിച്ചാൽ 'ഹനുമാമ്പണ്ടാരം' വരുമെന്നു പറഞ്ഞാണ് അന്ന് മുതിർന്നവർ ഞങ്ങളെ പേടിപ്പിച്ചിരുന്നത്. ആ വാക്കിന്റെ കഥ അടുത്ത ലക്കത്തിൽ.

സ്കൂളറിവ്

## മിന്നലേൽക്കാത്ത കൂട്


ഫോട്ടോ: Antoine Taveneaux

കൂടിനകത്ത് ഒരു മനുഷ്യൻ. ശക്തമായ ഇലക്ട്രിക് സ്പാർക്ക് കൂട്ടിലേക്ക് വന്നുവീണുകൊണ്ടിരിക്കുന്നു. പക്ഷേ അദ്ദേഹത്തിന് ഒന്നും പറ്റുന്നതേയില്ല! ഇതൊരു മാജിക് ഒന്നുമല്ല. ഫാരഡേയുടെ കൂട് എന്നു വിളിക്കുന്ന ഒരു കൂട്ടിലാണ് അദ്ദേഹം നിൽക്കുന്നത്. വൈദ്യുതി കടത്തിവിടുന്ന വലയുപയോഗിച്ചാണ് കൂടിന്റെ നിർമ്മാണം. അലൂമിനിയമോ ഇരുമ്പോ പോലുള്ള വസ്തുക്കൾ ഉപയോഗിച്ചുള്ള കൂടുകൾക്ക് ഒരു പ്രത്യേകതയുണ്ട്. വൈദ്യുതകാന്തികമണ്ഡലത്തിന് അതിനുള്ളിലേക്ക് പ്രവേശിക്കാനാകില്ല. അതിനാലാണ് ശക്തമായ ഇലക്ട്രിക് സ്പാർക്കുകൾക്കുപോലും കൂടിനുള്ളിലെ മനുഷ്യനെ ഒന്നും ചെയ്യാനാകാത്തത്. Faraday Cage, Faraday shield എന്നൊക്കെയുള്ള പേരിൽ ഏറെ പ്രശസ്തമാണ് ഈ സൂത്രം! ഇടിമിന്നലുള്ളപ്പോൾ കാറിനുള്ളിൽ ഇരിക്കുന്നതാണ് സുരക്ഷിതം എന്നു പറയുന്നതും ഇതേ കാരണംകൊണ്ടുതന്നെ. +2വിനു പഠിക്കുന്ന കൂട്ടുകാരോടു ചോദിച്ച് ഇതിനെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുമല്ലോ..

**നവനീത് കൃഷ്ണൻ എസ്**

# മാർച്ചും ഗണിതവും

**പള്ളിയറ ശ്രീധരൻ**

ഗണിതശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം മാർച്ചുമാസം വളരെ പ്രധാനപ്പെട്ട ഒരു മാസമാണെന്നു പറയാം. ഗണിതവുമായി ബന്ധപ്പെട്ട രണ്ടു ദിവസങ്ങൾ മാർച്ചുമാസത്തിലുണ്ട്. മൂന്നാംമാസമായ മാർച്ചിലെ ആദ്യത്തെ ബുധനാഴ്ച (ഈ വർഷം മാർച്ച് 1) ലോകഗണിതദിനമാണ്. മാർച്ച് 14 ലോകപൈദിനവും.

പൈ എന്ന സംഖ്യയെപ്പറ്റി നിങ്ങൾ പഠിച്ചിരിക്കുമല്ലോ. ഒരു സംഖ്യ എന്ന നിലയിൽ ലോകത്തിൽ ഏറ്റവും കൂടുതൽ പഠനം നടന്നിട്ടുള്ളതും നടക്കുന്നതും പൈയെപ്പറ്റിയാണ്. ഒരു വൃത്തത്തിന്റെ ചുറ്റളവും വ്യാസവും തമ്മിലുള്ള അംശബന്ധമാണ് പൈ എന്നറിയപ്പെടുന്നത്. ഇത് ഒരു സ്ഥിരസംഖ്യയാണെങ്കിലും ഇതിന്റെ കൃത്യമായ വില ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ലക്ഷക്കണക്കിനു ദശാംശസ്ഥാനങ്ങൾ കണ്ടെത്തിയിട്ടുണ്ട് എന്നതു വേറെകാര്യം.

പൈയുടെ ഏകദേശവില 3.14 ആയതിനാൽ മാർച്ചുമാസം 14 ഇപ്പോൾ ലോകപൈദിനമായി ആഘോഷിക്കുന്നു.

2007 ൽ ആദ്യത്തെ ലോകഗണിതദിനം ആഘോഷിച്ചത് മാർച്ച് 14നാണ്. ലോകത്തിലെ നൂറിലേറെ രാജ്യങ്ങളിൽനിന്ന് വിദ്യാർഥികൾ പങ്കെടുത്തുകൊണ്ടിരുന്ന ഗണിതമത്സരമാണ് ലോകഗണിതദിനാഘോഷത്തിൽ നടക്കുന്നത്.

World Maths Day

പൊതുവെ സങ്കീർണമായ ഗണിതത്തെ ഒരു വിനോദമേഖലയായി മാറ്റാനുള്ള ഉദ്ദേശ്യത്തോടെയാണ് ഗണിതദിനത്തിൽ പ്രശ്നങ്ങൾ അവതരിപ്പിച്ചിരുന്നത്. വയസ്സിന്റെ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങളായി കുട്ടികളെ തരംതിരിച്ചിരുന്നു. 2010 ലെ ലോകഗണിതദിനം ഏറ്റവും വലിയ ഓൺലൈൻ ഗണിതമത്സരം എന്ന നിലയിൽ ഗിന്നസ് റിക്കാർഡ് നേടുകയുണ്ടായി.

2009 ലാണ് മാർച്ച് 14 ലോകപൈദിനമായി പ്രഖ്യാപിക്കപ്പെട്ടത്. ഇതോടെ ലോകഗണിതദിനം മാർച്ചുമാസത്തിലെ ആദ്യത്തെ ബുധനാഴ്ച എന്നു തീരുമാനിക്കപ്പെട്ടു. 2015 ലെ ആഘോഷത്തിനുശേഷം ഈ മത്സരം താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

പൈയുമായുള്ള കടപയാദിബന്ധം അടുത്ത ലക്കത്തിൽ.

palliyarasreedharan@gmail.com

**2017 മാർച്ച്**

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

# ഓണത്തിനു പൂക്കുന്ന കണിക്കൊന്ന

**സുമ സി ആന്റോ**

വയസായ അധ്യാപികയുടെ പറമ്പിനരികിലാണ് ആ ചെടിമുളച്ചുപൊന്തിയത്. ആ വലിയ പറമ്പിന്റെ പടിഞ്ഞാറെ മൂലയിൽ കാടുപിടിച്ച് കിടക്കുന്ന സ്ഥലത്ത് ഒരു വലിയ മാവിന്റെ കീഴിലായിരുന്നു അതിന്റെ ജനനം. അരികിലൂടെ പോകുന്ന ചേരപ്പാമ്പിനെ അതു ഭയത്തോടെ നോക്കിയപ്പോൾ മാവമ്മ അതിന്റെ ചില്ലകൾകൊണ്ട് കൊച്ചുകൊന്നയുടെ കണ്ണുകൾ പൊത്തി. പകൽ കട്ടുറുമ്പുകളോടൊത്ത് കളിച്ചും ചിലന്തിയെ കൂടുകൂട്ടാൻ സമ്മതിപ്പിക്കാതെയും അത് കാറ്റിലാടി. രാത്രിയിൽ ഒച്ച്, അതിന് കളിക്കൂട്ടായി. വെയിൽ തട്ടാതെയും കാറ്റേൽക്കാതെയും രണ്ടുവർഷം കഴിഞ്ഞു.

മാവമ്മയുടെ ചില്ലയ്ക്കിടയിലൂടെ സൂര്യനെ നോക്കി കുഞ്ഞുകണിക്കൊന്ന ജീവിക്കുകയാണ്. തൊട്ടടുത്തുള്ള സ്കൂളിലെ കുട്ടികളുടെ കലപിലയിൽ കാതുകുളിർത്ത്, ഇലക്കണ്ണുതുറന്ന് കണിക്കൊന്ന കാറ്റിൽ ചിരിച്ചാടി. എന്നത്തെയുംപോലെ ആ സന്ധ്യയിലും മാവമ്മ തന്റെ ഇലക്കൈകൊണ്ട് കുഞ്ഞുകണിക്കൊന്നയെ തട്ടി. എന്നിട്ട് അതിനെ നെഞ്ചോടുചേർത്ത് പറഞ്ഞു.

''നോക്ക്, ആ വലിയ വീട് അധ്യാപികയുടെ മക്കൾ പണിയുന്നതാണ്. ആ വീടിന്റെ പണികഴിഞ്ഞാൽ എന്നെ മുറിച്ചുമാറ്റും. ഇന്നലെ രാവിലെ രണ്ടാളുകൾ വന്ന് എന്റെ അളവെടുത്തുപോയി.''

മാവമ്മ ഭൂതകാലത്തിലേക്ക് ഊളിയിട്ടു. അന്ന് ഈ പറമ്പിൽ ഒറ്റമരവും ഇല്ലായിരുന്നു. നിറയെ പുല്ലുകൾ.

എങ്കിലും മാവമ്മ പറഞ്ഞു.

''ഈ കട്ടുറുമ്പുകളൊക്കെ നിന്റെ കൂടെ ഉണ്ടാകും. അവയ്ക്ക് നിന്റെ ഇലകൾ കൂടൊരുക്കാൻ കൊടുക്കണം. കാറ്റു വരുമ്പോൾ ഒന്ന് ഒതുക്കിപ്പിടിച്ച് സംരക്ഷിക്കണം.''

കണിക്കൊന്ന ഓർത്തു. ചെറുപ്പത്തിൽ ശക്തമായ കാറ്റുവീശിയ രാത്രിയിൽ ഈ മാവമ്മ അമർന്നുനിന്ന് ചില്ലകൾ ഒതുക്കി എന്നെ ശരീരത്തോടു ചേർത്തുപിടിച്ചിരുന്നു.

**ആരോ വലിച്ചെറിഞ്ഞ വിത്തിൽനിന്ന് ഞാൻ ഈ കാട്ടുചെടികൾക്കിടയിൽ മുളച്ചു. എത്രയോ പാടുപെട്ടാണ് ഞാൻ വളർന്നത്. അപ്പോഴൊക്കെ എന്റെ ചുറ്റുമുള്ള പുല്ലുകൾ എന്നെ സംരക്ഷിച്ചു. എത്ര ജീവികൾ എന്റെ വേരിൽ, തണലിൽ ചില്ലകളിൽ കുടിയേറി. മാവമ്മയുടെ കണ്ണിലകൾ നിറഞ്ഞു.**

അതിനിടയിൽ ആരോ വലിച്ചെറിഞ്ഞ വിത്തിൽനിന്ന് ഞാൻ ഈ കാട്ടുചെടികൾക്കിടയിൽ മുളച്ചു. എത്രയോ പാടുപെട്ടാണ് ഞാൻ വളർന്നത്. അപ്പോഴൊക്കെ എന്റെ ചുറ്റുമുള്ള പുല്ലുകൾ എന്നെ സംരക്ഷിച്ചു. എത്ര ജീവികൾ എന്റെ വേരിൽ, തണലിൽ ചില്ലകളിൽ കുടിയേറി. മാവമ്മയുടെ കണ്ണിലകൾ നിറഞ്ഞുകവിഞ്ഞു.

നിശ്വാസംകൊണ്ട് നെഞ്ചുതകരുന്നത് കണിക്കൊന്ന അറിഞ്ഞു. കുഞ്ഞുകണിക്കൊന്ന വേദനയോടെ മാവമ്മയെ നോക്കി. അതിന്റെ കണ്ണിലകളിൽ അമ്പരപ്പായിരുന്നു, ഒറ്റയ്ക്കാവുമോ എന്ന ഭയമായിരുന്നു.

ചിന്തയിൽനിന്ന് ഉണരുമ്പോഴേക്കും മാവമ്മയുടെ ചില്ലകൾ അടർന്നുവീഴുന്നതാണു കണ്ടത്. അവസാനം വലിയ ശബ്ദത്തോടെ ആ മാവമ്മ ഭൂമിയിലേക്കു വീണു.

കണിക്കൊന്ന ശ്രദ്ധിച്ചു. മാവമ്മ കരഞ്ഞുവോ? അധ്യാപികയുടെ പേരക്കുട്ടികൾ കരയുന്നതുപോലെ. ഇല്ല. എന്നാൽ എല്ലാ ഇലക്കണ്ണുകളും അടഞ്ഞുപോയിരുന്നു. അതുകണ്ടപ്പോൾ കുഞ്ഞുകണിക്കൊന്നയുടെ കണ്ണുകളിൽ കണ്ണുനീർ

നിറഞ്ഞു. നേരം വെളുത്ത പ്പോഴേക്കും മാവമ്മയുടെ എല്ലാം പോയിരുന്നു. കുഞ്ഞു കണിക്കൊന്ന വെയിൽ തല യിൽ തട്ടി തളർന്നു.

സ്കൂളിലെ കുട്ടികൾ എനിക്കു ചുറ്റുംകൂടി ചെറിയ കണ്ണിമാങ്ങ പെറുക്കി നടന്നു. കൂട്ടത്തിൽ ഒരു ചെറിയ കുട്ടി ചുവന്ന ഉടുപ്പിട്ട്, ഷൂ ധരിച്ച്, ഉണ്ടക്കണ്ണുരുട്ടി എന്റെ അരി കിൽ വന്നു. തന്റെ ഒപ്പമുള്ള വലിയ കണ്ണുകളുള്ള ചെമ്പൻ മുടിയുള്ള പെൺകുട്ടിയോട് അവൻ ചോദിച്ചു.

''ഈ ചെടിയേതാ കുട്ടീ?''

എന്റെ ഇലനുള്ളി കൈ യിൽ ഞെരുക്കി മണപ്പിച്ച് അവൾ പറഞ്ഞു.

''അറിയില്ല.''

എന്റെ ചുറ്റും ആ കുട്ടിക ളെല്ലാം കൂടി.

''ഏതാണ് ചെടി?''

ഓരോ ഇലയും നുള്ളി മണപ്പിച്ച് കുട്ടികൾ പറഞ്ഞു.

''അറിയില്ല.''

മാവമ്മ ഓമ നിച്ച് കളിപ്പിച്ച് വളർത്തിയ എന്റെ ഒരു തണ്ട് ഒടിച്ച് പാട്ടുപാടി കുട്ടികൾ ക്ലാസ് മുറിയിലേ ക്കോടി.

ടീച്ചർ പറഞ്ഞു.

''കണിക്കൊന്ന.''

''ഹായ്!''

കുട്ടികൾ ഓളിയിട്ടു. കണിക്കൊന്ന സന്തോഷ വതിയായി.

അടുത്ത വിഷുവിന് എന്റെ കൊമ്പുകളിൽ നിന്ന് നേരിയ വേദന യോടെ എന്തോ പുറ ത്തേക്കു വന്നു. ആ നാരുകളിൽ നിറയെ മഞ്ഞപ്പൂക്കൾ നിറഞ്ഞു.



വര: ഗോപു പട്ടിത്തറ

സ്കൂളിൽ വന്ന കുട്ടികൾ ചുറ്റുംകൂടി. വഴിയാത്രക്കാർ തിരിഞ്ഞുനോക്കി.

''ഹായ്...''

എന്നാൽ മാവമ്മയുടെ സ്ഥലം ഒഴിഞ്ഞുകിടന്നത് കണിക്കൊന്നയെ ദുഃഖിപ്പിച്ചു.

ഇത്തിരി നാൾ കഴിഞ്ഞ പ്പോൾ വെയിൽ കനക്കു കയും ഇലകൾ കൊഴിയു കയും മണ്ണ് വേവുകയും ചെയ്തു.

അടുത്തവർഷം വിദ്യാ ലയം തുറന്നപ്പോൾ കുട്ടികൾ എന്റെ അരികിലേക്ക് വരാ തായി. ഓണം വന്നപ്പോഴും എന്റെ അരികിൽ വന്നില്ല. ചുറ്റുമുള്ള ചെടികളിലെ പൂക്കൾ പറിക്കുകയും പാട്ടു പാടുകയുമൊക്കെ ചെയ്തു. ചുവന്ന ഉടുപ്പിട്ട കൂട്ടുകാരൻ എന്റെ ചെവിയിൽ പറഞ്ഞു.

''ഓണത്തിനിത്തിരി മഞ്ഞുപൂവുതരുമോ? കള ത്തിൽ നടുവിലിടാനാണ്.''

എനിക്ക് സങ്കടം തോന്നി. ഞാൻ ആവുന്നതും വെള്ളം കുടിക്കാതെ നിന്നു. ഇത്തിരി പൂവിരിയാൻ അഞ്ചാറുദിവസം കണ്ണടച്ച് വെള്ളം കുടിക്കാതെ നിന്നപ്പോൾ എന്റെ തണ്ടുക ളിൽ വേദനയുടെ നേർത്ത നാരുകൾ പുറത്തേക്കു വന്നു. അതിൽ നിറയെ പൂക്കൾ വിരിഞ്ഞു.

വഴിയെ വന്ന കാറ്റിനെ തടഞ്ഞുനിർത്തിക്കൊണ്ട് കണിക്കൊന്ന പറഞ്ഞു.

''ഒന്നു പൂ കൊഴിക്കൂ.''

ഉതിർന്ന് കിടക്കുന്ന പൂക്കൾ പെറുക്കി പോകു മ്പോൾ ചുവന്നുടുപ്പിട്ട കൂട്ടു കാരൻ മാത്രം തിരിഞ്ഞു നോക്കി.

അപ്പോഴും ആ മരം വെള്ളം കുടിക്കാതെ കണ്ണു കളടച്ച് ധ്യാനിക്കുകയായി രുന്നു നിറയെ പൂവിരിക്കുന്ന തിനായിട്ട്.

# കൊക്കെത്ര കുളം കണ്ടതാ...

വി സി ബാലകൃഷ്ണൻ / വിജയകുമാർ ബ്ലാത്തൂർ



ഫോട്ടോ: Manoj Karingamadathil



**കുറുക്കന്റെ അണ്ണാക്കിൽ തറച്ചുപോയ എല്ലിൻകഷണം തന്റെ നീണ്ട കൊക്കു പയോഗിച്ച് എടുത്തു കൊടു ക്കാൻ ശ്രമിച്ച പാവം കൊക്കിന്റെ കഥ നമ്മൾ കേട്ടിട്ടുണ്ട്. 'കൊക്കാ'ണ് കൊക്കുകളുടെ ആയുധവും അലങ്കാരവും. രൂപത്തിലും ഭാവത്തിലും വ്യത്യസ്തരായ പലയിനം കൊക്കുകളുണ്ട് നമ്മുടെ നാട്ടിൽ . അവരെ പരി ചയപ്പെടാം.**



ഫോട്ടോ: Manoj Karingamadathil

മറഞ്ഞിരിക്കാൻ വിരുതരായ കുളക്കൊക്കുകൾ കുളക്കരയിലെ പുല്ലിനിടയിലും മരക്കൊമ്പിലും സന്ന്യാസി തപസുചെയ്യും പോലെ കൂനിക്കൂടി പൂർണനിശ്ചലതയിൽ കാത്തുനിൽക്കും. കാഴ്ചക്കുറവുള്ള സാധുവിന്റെ പ്രകൃതം. പുറംചിറകിലെ മൺതവിട്ടു നിറം ആരുടെയും കണ്ണിൽപ്പെടില്ല. ആരെങ്കിലും തൊട്ടടുത്തെത്തുന്നതുവരെയും നിന്നനിൽപ്പിൽനിന്ന് അനങ്ങില്ല. പെട്ടെന്നു പറന്നുപൊങ്ങുമ്പോൾ, മായാജാലത്തിലെന്ന പോലെ ചിറകുകളുടെ മിന്നൽവെളുപ്പ് നമ്മെ അമ്പരപ്പിക്കും. (Pond Heron, Paddy Bird എന്നൊക്കെ ഇംഗ്ലീഷിൽ പേരുള്ള ഈ പക്ഷിയുടെ ശാസ്ത്രനാമം *Ardeola grayii* എന്നാണ്.) മഴക്കാലത്ത് ഇവർ മഴനനഞ്ഞ് ജലാശയങ്ങളുടെ അരികിലെ മരക്കൊമ്പിൽ കൂനിക്കൂടിയിരിക്കുന്നതു കാണാം. അത്യാവശ്യം നീളമുള്ള കഴുത്ത് ഉള്ളിലേക്കു ചുരുക്കി ഒതുക്കിവെച്ചാണ് ഇരിപ്പ്. വേനലിൽ പാടത്തും വെളിപ്രദേശങ്ങളിലും ഇരതേടും. ഈ അനങ്ങാനിൽപ്പ് കാരണം ഇതിന്റെ



ഫോട്ടോ: JJ Harrison

## പെരുമുണ്ടി (Eastern Large egret)

പ്രകടമായ വലിപ്പവ്യത്യാസം കൊണ്ട് തന്നെ പെരുമുണ്ടിയെ തിരിച്ചറിയാം. വലിയ 'ട' ആകൃതിയിലുള്ള ഉഗ്രൻ കഴുത്താണിതിന്. പ്രജനന കാലത്തൊഴികെ മഞ്ഞ നിറമുള്ള കൊക്കുകളാണിതിനുണ്ടാകുക. ആ കാലമാകുമ്പോൾ കൊക്കിന്റെ നിറം കറുപ്പാകും. പ്രജനനകാലത്ത് പെരുമുണ്ടിക്ക്, പുറത്ത് അലങ്കാരത്തൂവലുകൾ കാണപ്പെടുന്നു. ഇക്കാലത്ത് കണ്ണിന് മുകളിലുള്ള ചർമ്മം നീലനിറമാകും. കൊറ്റില്ലങ്ങളിൽ മറ്റ് കൊക്കുകളോടൊപ്പം പെരുമുണ്ടിയും കൂടുകെട്ടും.

സാന്നിധ്യം കുഞ്ഞുപ്രാണികളും തവളകളും ഞണ്ടും ഒന്നും ശ്രദ്ധിക്കില്ല. തൊട്ടടുത്ത് ഇര എത്തിയാൽ കഴുത്തുനീട്ടി ഇരയെ 'അകത്താക്കി 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ' എന്ന മട്ടിൽ കുളക്കൊക്ക് വീണ്ടും പഴയ തപസ്സ് തുടരും. നീർകാക്കകൾ, മുണ്ടികൾ തുടങ്ങിയവർക്കൊപ്പം പുളിമരത്തിലും മാവിലും ഒക്കെ കൂടുകെട്ടും ഇവർ. കാക്കക്കൂടുപോലെ ചുള്ളിക്കമ്പുകൾ കൊണ്ടൊരു പീഠം. കൂടിന് വലിയ തകരാറും ശല്യവും ഒന്നും ഇല്ലെങ്കിൽ അധികം മിനക്കെടാതെ അതിൽത്തന്നെ അടുത്ത വർഷവും മുട്ടയിടും. 24 ദിവസം ആണും പെണ്ണും മാറിമാറി അടയിരിക്കും. കുഞ്ഞുങ്ങളെ പോറ്റലും ഇരുവരും ചേർന്നാണ് നടത്തുന്നത്. തിന്ന ഭക്ഷണം തികട്ടി പുറത്തെടുത്ത് കുഞ്ഞുങ്ങൾക്ക് കൊടുക്കുന്ന രീതിയും ഉണ്ട്..

കൊച്ച, കൊറ്റി, കൊക്ക് എന്ന പേരിലൊക്കെ അറിയപ്പെടുന്ന പക്ഷി വർഗക്കാർ ഇഗ്രറ്റ് (Egret) കുടുംബക്കാരാണ്. ഇവരിൽ തന്നെ ഹെറൊൺ (Heron) എന്ന വിഭാഗക്കാരുമുണ്ട്. കുളക്കൊക്കുകളെ ഹെറോണുകളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ജീവശാസ്ത്രപരമായുള്ളതിലും കൂടുതൽ കാഴ്ച സാമ്യങ്ങളാണ് ഈ വിഭജനത്തിന് ആധാരം. വയലുകളിലും ചതുപ്പുകളിലും കൈപ്പാടുകളിലും കണ്ടൽക്കാടുകളിലും പുഴയോരങ്ങളിലും കുളക്കരകളിലും ഒക്കെ കൊക്കുകളെ കാണാം. പൊതുവെ വെള്ളനിറക്കാരായതുകൊണ്ടാണ് 'കാക്കകുളിച്ചാൽ കൊക്കാകുമോ' തുടങ്ങിയ ചൊല്ലുകളിൽ കൊക്ക് കടന്നത്.

എന്നാൽ 'ചക്കിനു വെച്ചത് കൊക്കിനു കൊണ്ടു' എന്ന



ഫോട്ടോ: DickDaniels



ഫോട്ടോ: Deepugn

പഴഞ്ചൊല്ലിലെ കൊക്ക് ഈ പക്ഷിയല്ല. എണ്ണയാട്ട് ചക്കിലെ ഉരൽ ഉണ്ടാക്കാൻ സൂക്ഷിച്ചുവെച്ച തടി അവസാനം ചക്കിലെ നിസാരഘടകമായ കൊളുത്ത് അഥവാ 'കൊക്ക്' ഉണ്ടാക്കാൻ വേണ്ടി ഉപയോഗിച്ചു എന്നാണർഥം. വളരെ വലിയ കാര്യത്തിനായി സൂക്ഷിച്ച ഒരു വസ്തു ഉപകാരപ്പെട്ടത് തീരെ ചെറിയ ഒരു ആവശ്യം സാധിക്കാനാണ് എന്നാണ് ഈ ചൊല്ലിന്റെ സൂചന. പലരും ഇതിന്റെ അർഥം മനസിലാകാതെ നമ്മുടെ കൊക്കാണിതിലെ കക്ഷി എന്ന് തെറ്റിദ്ധരിച്ച് അർഥം മനസിലാകാതെ അന്തിച്ചു നിൽക്കാറുണ്ട്.. അതുപോലെ സുപരിചിത സ്ഥല



ഫോട്ടോ: Cburnett

## 26 തിരമുണ്ടി.

Ardeidae കുടുംബത്തിൽ പെട്ട ഒരിനം കൊക്കാണ് Western reef heron എന്നും western reef egret എന്നും വിളിക്കുന്ന തിരമുണ്ടി (Egretta gularis). ചിന്നമുണ്ടിയുടെ ഏകദേശ വലിപ്പമുള്ള ഇവർ പൊതുവെ ഇരുണ്ട ചാരനിറമാണെങ്കിലും തൂവെള്ള നിറത്തിലും കാണാറുണ്ട്(dark morph). ഇരുണ്ട ചാരനിറമുള്ളവയുടെ തൊണ്ടയും താടിയും വെള്ള നിറമായിരിക്കും. തൂവെള്ള നിറക്കാർ കാഴ്ചയിൽ ചിന്നമുണ്ടിയെ പോലെ തന്നെ ഇരിക്കും. കാലുകൾക്കും കൊക്കിനും മഞ്ഞ നിറമാണെന്ന സൂചന നോക്കി മാത്രമേ ഇവയെ തിരിച്ചറിയാൻ കഴിയൂ. പ്രജനനകാലമൊഴികെ ബാക്കി എല്ലാക്കാലങ്ങളിലും തിരമുണ്ടികൾ ഒറ്റയ്ക്കാണ് സഞ്ചരിക്കുന്നത്. കടലിനോടും കായലിനോടും ചേർന്ന പരിതഃസ്ഥിതിയിൽ ജീവിക്കുന്ന ഈ പക്ഷികൾ പതഞ്ഞു പൊങ്ങുന്ന തിരകളിൽപ്പോലും നിർഭയമായി നിന്ന് മത്സ്യങ്ങളെ കൊത്തിയെടുക്കുന്നു. ഇവ ഞണ്ടുകളേയും കക്കാ പ്രാണികളേയും ഭക്ഷിക്കാറുണ്ടെങ്കിലും മത്സ്യങ്ങളാണ് മുഖ്യ ആഹാരം. കേരളത്തിലെ തീരപ്രദേശത്തും ചതുപ്പുകളിലും കായലോരത്തും നവംബർ മുതൽ മേയ് വരെയുള്ള മാസങ്ങളിൽ ദേശാടനപ്പക്ഷിയായി ഇവ എത്താറുണ്ട്.

**പാതിരകൊക്ക്** (Nycticorax nycticorax)

രാത്രിഞ്ചരരായ പാതിരക്കൊക്കുകൾ പകൽ കണ്ടൽമരക്കൂട്ടങ്ങളിലോ, കുളക്കരയിലേയോ പുഴയീറമ്പിലേയോ മരക്കൊമ്പുകളിൽ കഴിച്ച് കൂട്ടും. ചില പ്രദേശങ്ങളിൽ പകലുണ്ണാൻ എന്നും ഇവർക്ക് പേരുണ്ട്. കറുത്ത കൊക്കും ചുവന്ന കണ്ണുകളുമാണ് ഇതിനുള്ളത്. സാധാരണ ഇളം പച്ച നിറത്തിൽ കാണപ്പെടുന്ന കാലുകൾ പ്രജനനകാലത്ത് മഞ്ഞനിറത്തിലോ ഇളംചുവന്ന നിറത്തിലോ ആയിരിക്കും കാണപ്പെടുക. കൂടാതെ ഇവയുടെ തലയ്ക്ക് പുറകിലായി ഒരു ശിഖയും കാണപ്പെടുന്നു.



ഫോട്ടോ: Kristof vt

മാണെന്നും, ഇതൊക്കെ എനിക്കെന്ത്? എന്നീ സൂചനകളാണ് 'കൊക്കെത്ര കുളം കണ്ടതാ?' എന്ന സാധാരണ പ്രയോഗത്തിൽ ഉള്ളത്. .

കാലിമുണ്ടികൾ ആണ് നമുക്ക് ഏറ്റവും പരിചയമുള്ള വെള്ളക്കൊക്കുകൾ. (Cattle egret എന്ന് അറിയപ്പെടുന്ന ഇവരുടെ ശാസ്ത്രനാമം Bubulcus ibis എന്നാണ്.)

മേഞ്ഞു പുല്ലുതിന്നുന്ന കന്നുകാലികൾക്കൊപ്പവും നിലം ഉഴുവുന്ന കാളകൾക്കൊപ്പവും പേടിയൊന്നും കൂടാതെ തത്തി നടന്ന് പറ്റിക്കൂടി കഴിയുന്ന ഇവരെകാണാം. കാലികളുടെ മുകളിൽ കയറി വലിയ പവറിൽ ഇരുന്ന് ഓസിൽ യാത്രനടത്തും ചിലർ. ഇടയ്ക്ക് ദേഹത്തെ പാലുണ്ണികളെയും ശല്യക്കാരായ കീടങ്ങളെയും കൊത്തിത്തിന്ന് ശരീരം വൃത്തിയാക്കികൊടുക്കുന്നതിനാൽ കാലികൾക്കും സന്തോഷം. പൈക്കൾ മേയുന്നതിനിടയിൽ പുല്ലിൽനിന്ന് രക്ഷപ്പെട്ട് ചാടുന്ന തുള്ളന്മാരും തവളകളുമൊക്കെയാണ് പ്രധാന തീറ്റ.



**ചിന്നമുണ്ടി** (Little egret)

കാലിമുണ്ടികളേക്കാൾ അല്പം കൂടി വലിപ്പമുള്ളവയാണ് ചിന്നമുണ്ടി എന്ന (Egretta garzetta) എന്ന് ശാസ്ത്ര നാമം) കൊക്കുകൾ. കൊക്കുകൾക്കും കാലുകൾക്കും കറുപ്പ് നിറമാണെങ്കിലും വിരലുകൾ മഞ്ഞ നിറമാണ്. പ്രജനന കാലത്ത് സൗന്ദര്യവത്കരണത്തിനായാവാം തലയ്ക്ക് പിറകുവശത്ത് നിന്ന് രണ്ട് മനോഹരമായ വെള്ള നാടത്തൂവലുകൾ കാണാം. ഇവയുടെ തൂവലുകൾ യൂറോപ്പിൽ അലങ്കാരതൊപ്പികളുടെ നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്നത് ചിന്നമുണ്ടികൾക്ക് വലിയ ഭീഷണിയായിരുന്നു.

ഫോട്ടോ: Navaneeth Krishnan S


ഫോട്ടോ: Manoj Karingamadathil



## ചാരമുണ്ടി (Grey Heron)

Ardea cinerea എന്നാണ് ശാസ്ത്ര നാമം. കേരളത്തിലെ കൊറ്റികളുടെ രാജാവ് എന്ന് പറയാവുന്ന പക്ഷിയാണിത്. കഴുക നോളം വലുതും വളരെ നീണ്ടകാലുകൾ ഉള്ളതും സുദീർഘവും ലോലവുമായ കഴുത്തുകൾ ഉള്ളതുമായ നീർപ്പക്ഷി യാണിത്. പ്രാദേശികമായി ചാരക്കൊക്ക്, നീലക്കൊക്ക് എന്ന പേരുകളിലും ഇവ അറിയപ്പെടുന്നു. നീളമുള്ള കാലുകൾ. നല്ല ചാരനിറം. വെള്ള നിറത്തിലുള്ള S ആകൃതിയിലുള്ള കഴുത്തും മകുടവും. മകുടത്തിനു താഴെ, നീളത്തിലുള്ള കറുത്ത നിറം. അടിഭാഗം ചാരനിറം കലർന്ന വെള്ളയാണ്. കഴുത്തിനു മുന്നിൽ കറുത്ത കുത്തുകൾ കൊണ്ടുള്ള തെളിഞ്ഞുകാണാവുന്ന വര. മിതശീതോഷ്ണമേഖലകളിൽ, പ്രത്യേകിച്ച് യൂറോപ്പ്,ഏഷ്യ,ആഫ്രിക്ക യുടെ ചിലഭാഗങ്ങൾ എന്നിവിടങ്ങളി ലാണ് ഇവയുടെ ആവാസ കേന്ദ്രങ്ങൾ. കേരളത്തിൽ ഇവ ദേശാടനക്കിളികളായി മഞ്ഞുകാലത്തോടനുബന്ധിച്ച് കാണപ്പെടുന്നു. ഉഷ്ണകാലമാവുന്നതോടെ വീണ്ടും തണുപ്പുള്ള മറ്റു സ്ഥലങ്ങളെ ലക്ഷ്യമാക്കി പോകുകയും ചെയ്യും.

പ്രതിമപോലെ ചലിക്കാതെ ഒറ്റക്കാലിൽ ഇരയുംപ്രതീക്ഷിച്ച് പാടത്തെ വെള്ളത്തിൽ തപസ്സു ചെയ്യുന്ന കൊറ്റികളെ കാണാം. വളരെ സങ്കീർണ്ണവും അർഥശൂന്യവുമായ പരിഹാരങ്ങൾ നിർദേശിക്കുന്നവരെ കളിയാക്കാൻ ഒരു ചൊല്ലുണ്ട്. ‘കൊറ്റി യുടെ തലയിൽ വെണ്ണവെച്ച് പിടികൂടുക.’ അല്പം വെണ്ണ തപസ്സിരിക്കുന്ന കൊറ്റിയുടെ നെറുകയിൽ കൊണ്ട് വെച്ചാൽ മതി. വെയിൽകൊണ്ട് വെണ്ണ ഉരുകി ഒലിച്ച് താഴോട്ടിറങ്ങും. കണ്ണുമൂടിയാൽ പിന്നെ എളുപ്പമായില്ലേ, വേഗം നമുക്ക് അതിനെ പിടികൂടാം. എന്തൊരു സൂത്രം!!

കാലിമുണ്ടികളുടെ കൊക്കുകൾക്ക് എല്ലാ കാലത്തും മഞ്ഞനിറമാണ്. പ്രജനനകാലത്ത് തല, കഴുത്ത്, മാറിടം, പുറം എന്നീ ഭാഗങ്ങൾ ഇളം ഓറഞ്ചു നിറമായി സുന്ദരരൂപികളാകും. ഇതേതോ പുതിയ ഇനമാണെന്ന് പരിചയമി ല്ലാത്തവർ തെറ്റിദ്ധരിക്കും.

vijayakumarblathur@gmail.com

**ചായമുണ്ടി** (Purple Heron)

Ardea purpurea എന്ന് ശാസ്ത്രനാമമുള്ള ഇവർക്ക് നീണ്ട കഴുത്താണുള്ളത്.. തലയിലും കഴുത്തിലും ചെമ്പിച്ച തവിട്ട് നിറവും, പുറവും ചിറകുകളും ഇരുണ്ട കടുത്ത ചാരനിറവും, കഴുത്തിനിരുവശത്തും കറുത്ത വരകളും, ദേഹത്തിനടിവശം കറുപ്പും, കണ്ണിനു ചുറ്റുമുള്ള ഭാഗം ഇളം പച്ചയും, കണ്ണ് മഞ്ഞ നിറവും കാലുകൾ മഞ്ഞ കലർന്ന തവിട്ട് നിറവുമൊക്കെ ആയി മൊത്തം കളർഫുൾ ആയ രൂപമാണിതിന്. കേരളത്തിൽ ഇവ കൂടു കൂട്ടുന്നതായി കാണാറില്ല. എന്നാൽ പാടശേഖരങ്ങളിലും മറ്റും ഇരതേടുന്നതു കാണാം.




ഫോട്ടോ: Manoj Karingamadathil



ഫോട്ടോ: Manjith Kainickkara

ദേശാടനം നടത്തുന്ന കാലിമുണ്ടി



ഫോട്ടോ: Manoj Karingamadathil

**ചെറുമുണ്ടി** (Intermediate Egret)

ചിന്നമുണ്ടിയേക്കാൾ വലിപ്പമുള്ള പക്ഷിയാണിത്. ശാസ്ത്രനാമം (Mesophoyx intermedia). കാലും കാൽ വിരലുകളും കറുപ്പ് നിറമാണ്, കൊക്കിനു മഞ്ഞനിറമായിരിക്കും. എന്നാൽ പ്രജനനകാലമാകുമ്പോൾ കൊക്ക് കറുപ്പാകും. കൂടാതെ തലയ്ക്ക് പിറകിൽ നിന്നുള്ള നാടത്തൂവലുകളും പ്രത്യക്ഷപ്പെടും.

ഫോട്ടോ: Glen Fergus



# അല്ലറ ചില്ലറ

എം കൃഷ്ണദാസ്

മധുവിന്റെ പണം പോയ കേസു കേട്ടപ്പോൾ മാഷാദ്യം സ്വന്തം പോക്കറ്റിലാണ് തപ്പിയത്. കണാതായ കേസു വരുന്നതിനു മുമ്പ് ആ വഴി മാഷ് പല തവണ പോയതാണ്. ബെല്ലടിച്ചെത്തിയാലുടൻ ക്ലാസിന്റെ വൃത്തിയാണ് മാഷ് ആദ്യം ശ്രദ്ധിക്കുക. കീറക്കടലാസും മറ്റും കണ്ടാൽ മാഷ് തന്നെ ചൂലെടുത്ത് മുന്നിട്ടിറങ്ങും. അരികും മുക്കും ചേർത്ത് വീണ്ടും അടിച്ചു തുടങ്ങും. അതു കണ്ട് കുട്ടികളിൽ ചിലർ ചൂലു വാങ്ങാൻ ചെല്ലും. മാഷ് അടിച്ചു തുടങ്ങിയാൽ പിന്നെ, ആരു ചെന്നിട്ടും കാര്യല്ല. മൂപ്പരന്നെ അതു പൂർത്തിയാക്കും.

ഇന്നും തുടക്കമെങ്ങനെത്തന്നെ ആയിരുന്നു. കുപ്പനിറഞ്ഞ ക്ലാസിനു പിറകുവശം കണ്ട് മാഷ് ചൂലെടുത്തു. കുട്ടികൾ സ്കൂൾ ബാഗും ബെഞ്ചും ഡസ്ക്കും മാറ്റിയിട്ടതിനനുസരിച്ച് മാഷ് ക്ലാസ് അടിച്ചുവാരി മെനയാക്കി.

ഓരോ ബെഞ്ചിലും ആരാരെന്നു കൃത്യമായി മാഷ്ക്ക് അറിയാവുന്നതുകൊണ്ട് ക്ലാസ്സിൽ കേറി വന്നാലുടനെ ഒറ്റനോട്ടത്തിൽ വരാത്തവരെ മാഷ് തിരിച്ചറിയും. പിന്നെ,



വര: ടിആർ രാജേഷ്

പ്രത്യേകിച്ചൊരു പേരു വിളി പതിവില്ല.

ഗൃഹപാഠപരിശോധനയാണ് മാഷ്ടെ അടുത്ത പരിപാടി.

ഓരോരുത്തരുടെയും അടുത്തുചെന്ന് പുസ്തകത്തിന്റെ പൊതിച്ചന്തം മുതൽ നോക്കി നോക്കി തലേന്നു കൊടുത്ത വർക്ക് വരെ ചെന്നെത്തുമ്പോഴേക്കും സമയമെടുക്കും.

അങ്ങനെ സമയമേറെയെടുത്ത് ഓരോരുത്തരുടെ അടുത്തു ചെന്നിരുന്നതും അതിനിടെ പലതവണ ഫോൺ വന്നതും ഇടയ്ക്ക് ചുവന്ന മഷിപ്പേന പോക്കറ്റിൽ നിന്നെടുത്ത്, പുസ്തകത്തിൽ ശരി വരച്ച്, അവിടെത്തന്നെ വെച്ചതും മാഷ് ഓർത്തു.

അതു കൊണ്ടാണ് കേസ് കേട്ടയുടൻ കുട്ടികളറിയാതെ മാഷ് പോക്കറ്റിൽ തപ്പി നോക്കിയതും പേഴ്സും മൊബൈലും പുറത്തെടുത്തു പരിശോധിച്ചതും. ആദ്യം സ്വന്തം പോക്കറ്റിൽ അന്യന്റെ പണമില്ലെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് മാഷ് കേസ് പൊതുവായി അവതരിപ്പിച്ചത്.

'എല്ലാരും സ്വന്തം ബാഗുംപോക്കറ്റും പരിശോധിക്കിൻ ....'

പെൻസിൽ, പേന, കളിസാമാനം ഇത്യാദി സാധനങ്ങൾ കാണാതാവുന്നതും പലതരം സൂത്രങ്ങൾ വഴി അതു കണ്ടെടുക്കുന്നതും ക്ലാസിൽ പതിവാണ്. പക്ഷേ, ഇന്ന് കേസ് പറയാൻ വന്ന മധുവിന്റെ മുഖം കണ്ടപ്പോൾ മാഷ്ക്ക് മനസ്സിലായി, വലിയൊരു സംഖ്യയൊന്നുമല്ല നഷ്ടപ്പെട്ടതെന്ന്. അടിച്ചുവാരാനും ഗൃഹപാഠം നോക്കാനും സമയമേറെ നഷ്ടപ്പെട്ടതിനാൽ അല്ലറചില്ലറ കേസിനു സമയം ചെലവാക്കാനില്ലെന്നതിനാൽ പ്രശ്നം വേഗം തീർക്കണമെന്ന് മാഷ് ഉള്ളിൽ ഉറച്ചിരുന്നു. എന്നാലും, ഒരു കുട്ടി കേസ് വന്ന് പറയുമ്പോൾ അത് നിസ്സാരമായി കണ്ടാൽ അപകടമാണെന്ന് മാഷ്ക്ക് അറിയാവുന്നതുകൊണ്ടാണ് കേസ് വേഗം പൊതുവായി അവതരിപ്പിച്ചത്. ഇത്തരം കേസ് പതിവുള്ളതുകൊണ്ട് ഒരു ആചാരം പോലെ എല്ലാരും വേഗം സ്വന്തം ബാഗെടുത്ത് പരിശോധിക്കുന്ന നാട്യം കാട്ടി എടുത്തോടത്തു വെച്ചു.

'ഞങ്ങളെടുത്തില്ല സാറെ..' ക്ലാസ് കോറസ്.

അപ്പോൾ ഇന്നത്തെ പീര്യേഡ് കുളമായെന്ന് മാഷ് ഉറച്ചു. ആരുടെ കയ്യിലും ഇല്ലെന്ന് പറഞ്ഞ സ്ഥിതിക്ക് ഇനി കേസ് എങ്ങനെ മുന്നോട്ടു കൊണ്ടു പോകുമെന്ന് മാഷ്ക്ക് നിശ്ചയമില്ലാതെ നിൽക്കുമ്പോൾ അയിഷ പതിവുള്ള വിക്രസ്സു ചോദ്യവുമായി വന്നു:

'അല്ല സാറേ, ഓന്റെ എത്ര റുപ്യയാ പോയത്...?'

അവളുടെ ചോദ്യം കേട്ടപ്പോഴാ മാഷും അക്കാര്യം ഓർത്തത്.

'മധൂ, അന്റെ എത്ര പൈസയാ പോയത്?'

'ആയിരം രൂപടെ ഒറ്റനോട്ടാ പോയത് സാറെ....'

അവൻ അഭിമാനത്തോടെ പറഞ്ഞു.

'അയ്യേ, അതാണോ ...?!'

ക്ലാസ്സൊന്നാകെ മൂടി നിന്നത് ഒരു നിസ്സാര മേഘംപോലെ പെയ്തുപോയി.



## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറു ലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

എഡിറ്റർ
തളിര്
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം,
സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34

# കാളവണ്ടി

കെ കണ്ണൻ

കാളവണ്ടിയുടെ കടകട ശബ്ദം എന്റെ ചെവികളിൽ പ്രതിധ്വനിയെന്നോണം ഇന്നും അലയടിക്കുന്നുണ്ട്. വേനലവധിക്കാലത്ത് അച്ഛനോടൊപ്പം കാളവണ്ടിയിൽ സഹായിയായി പോകുവാൻ വളരെ ഉത്സാഹമായിരുന്നു. വളഞ്ഞ കൊമ്പുകൾ കൂട്ടിമുട്ടാറായ ഇടത്തേക്കാളയും ഇരുദിശകളിലേക്ക് അകന്നു നിൽക്കുന്ന കൊമ്പുകളുള്ള വലത്തെ കാളയും. രണ്ടും വെളുത്ത കാളകൾ. ഏറെക്കാലം വീട്ടിൽ നിന്ന വണ്ടിക്കാളകൾ. യഥാർഥത്തിൽ അവർ വണ്ടിക്കാളകൾ മാത്രമായിരുന്നില്ല. രണ്ടു കുടുംബാംഗങ്ങൾ തന്നെയായിരുന്നു. കുടുംബം പുലർത്തുവാൻ കഠിനാധ്വാനം ചെയ്യുന്ന രണ്ടു മുതിർന്ന ആൺ സന്താനങ്ങൾ. വണ്ടിപ്പണി കഴിഞ്ഞ് മടങ്ങുമ്പോൾ പരുത്തിക്കുരു, ഗോതമ്പ് തവിട്, ഇത്യാദി സാധനങ്ങൾ വാങ്ങിക്കഴിഞ്ഞേ കുട്ടികളായ ഞങ്ങൾക്ക് എന്തെങ്കിലും കഴിക്കാൻ അച്ഛൻ വാങ്ങുകയുള്ളൂ.

വെള്ളത്തിലിട്ട പരുത്തിക്കുരു കാലത്ത് വലിയ ആട്ടുകല്ലിൽ ഇട്ട് കൈപ്പിടിയുള്ള കുഴവി പിടിച്ച് ആട്ടിയെടുക്കുന്നത് അമ്മയുടെ ജോലിയാണ്. ഏകദേശം ആ സമയത്ത് ഉറങ്ങിയെണീക്കുന്ന ഞങ്ങൾ ശർക്കര ചേർത്ത കട്ടൻകാപ്പിക്കായി കാത്തിരിക്കണം. കാപ്പി കിട്ടാൻ വൈകുമ്പോൾ ശാഠ്യംപിടിച്ച സന്ദർഭങ്ങളും കുറവല്ല. വീട്ടിലെ കാടിവെള്ളം, കഞ്ഞിവെള്ളം, ആട്ടിയെടുത്ത പരുത്തിക്കുരു, ഗോതമ്പ് തവിട്, നെല്ലിൻ തവിട് എല്ലാം ചേർത്ത് കൊഴുപ്പിച്ച പോഷകസമൃദ്ധമായ പ്രാതൽ കാളകൾക്ക് നൽകിയാൽ അടുത്തത് തോട്ടിനക്കരെ ഞങ്ങളുടെ പാടത്തിനോടു ചേർന്നുള്ള പൂതൻകുളത്തിലേക്കുള്ള യാത്രയാണ്. കുളിക്കടവിൽ നിന്നുമാറി അച്ഛൻ കാളകളെ വെള്ളത്തിലിറക്കി നീന്തിത്തുടിപ്പിച്ച് പനമ്പട്ട തോരണം കണക്കെ ചീന്തിയെടുത്തുണ്ടാക്കിയ ചകിരി ഉപയോ

വര: സജി വി



ഗിച്ച് തേച്ചുമിനുക്കുമ്പോൾ പരൽമീനുകൾ ചാടിത്തിമിർക്കും. വെള്ളത്തുള്ളികൾ തട്ടിത്തെറിപ്പിച്ചുള്ള ഞങ്ങളുടെ കുളിയും കഴിഞ്ഞാൽ തിരിച്ചു വീട്ടിലേക്ക്. തോട്ടുവരമ്പിലെ സമൃദ്ധമായ പച്ചപ്പുല്ല് തീറ്റാനായി മുന്നിലും പിന്നിലുമായി ഓരോ കാള



കളെ പിടിച്ച് സാവധാനത്തിലാണ് മടക്കയാത്ര. വീട്ടിലെത്തുമ്പോഴേക്കും ഈറൻ തോർത്തിയപോലെ കാളകൾ വെളുത്തുമിനുങ്ങും. ഇതിനിടയിൽ അമ്മ തൊഴുത്തും വെടിപ്പാക്കിയിരിക്കും.

വെള്ളച്ചോറ്, വെണ്ടയ്ക്കപ്പുളി, വറുത്തമുളക്, തേങ്ങാച്ചമന്തി- ഈ രുചിക്കൂട്ടുകൾ ഇപ്പോഴും നാവിൻതുമ്പിൽ ത്തന്നെയുണ്ട്. അച്ഛനോടൊപ്പമിരുന്ന് കഴിക്കുമ്പോൾ കിണ്ണത്തിൽ അച്ഛന്റെ തഴമ്പിച്ചകൈകൾ തട്ടിയുണ്ടാക്കുന്ന ശബ്ദം അനുകരിക്കാൻ ഞാനും എന്റെ പാത്രത്തിൽ ശ്രമിക്കാറുണ്ട്. എല്ലാം വിഫലശ്രമം മാത്രമായി. ഈ ദിവ

സങ്ങളിൽ അച്ഛനോടൊപ്പം വണ്ടിയിൽ പോകുമ്പോൾ ഞാൻ ഏറെ കൊതിച്ചിരുന്നത് ഗായത്രിപ്പുഴയിലെ വിശാലമായ മണൽപ്പരപ്പുകളിൽ ഓടിക്കളിക്കാനും മണൽ വാരുന്നതിന്റെ ഇടവേളയിൽ അപ്പുവേട്ടന്റെ ചായക്കടയിലെ മുളക് ചമ്മന്തി കൂട്ടിയുള്ള ദോശയ്ക്കുമായിരുന്നു. പുഴയിലേക്ക് വണ്ടിയിറക്കിയാൽ പരന്നുകിടക്കുന്ന മണൽപ്പരപ്പിന്റെ വടക്കേ അറ്റത്തു കൂടിയുള്ള നല്ല തെളിനീരൊഴുക്ക് ശക്തമായ വേനലിലും കുളിരേകുന്ന കാഴ്ചയായിരുന്നു. അളന്നെടുക്കുംപോലെ മണൽ അരവണ്ടിയാകുമ്പോൾ കാളകളെ പൂട്ടിക്കെട്ടി പുഴ കയറ്റും. പിന്നീട് വണ്ടിയിൽ മണൽ നിറയ്ക്കുന്നത് തലച്ചുമടായി കൊണ്ടുവന്നാണ്. കാളകൾക്ക് അമിതഭാരം പുഴക്കയറ്റം വലിപ്പിക്കാതിരിക്കാൻ അച്ഛൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രകൃതിവിഭവങ്ങൾ കരുതലോടെ ഉപയോഗിക്കാനും സഹജീവികളോട് സ്നേഹത്തോടെ പെരുമാറാനും വേണ്ട ബാലപാഠങ്ങൾ പകർന്നു കിട്ടിയ അനുഭവങ്ങളായിത്തീർന്നു ഇതെല്ലാം.

കാലത്ത് പുഴയിൽ നിന്നുള്ള മണലെടുപ്പും വൈകുന്നേരങ്ങളിൽ കൊയ്തൊഴിഞ്ഞ നെൽപ്പാടങ്ങളിലേക്ക് പൊടിച്ച ചാണകം കടത്തലുമായിരുന്നു വേനൽക്കാലത്തെ പ്രധാന കാളവണ്ടിപ്പണികൾ. ഉത്സവനാളുകളിൽ, ഞങ്ങൾ വീട്ടുകാരുടെ ഉത്സാഹത്തിമർപ്പ് കുറയ്ക്കുന്ന ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ആളുകളെ പൂരലഹരിയിലാഴ്ത്തുന്ന വെടിക്കെട്ടു സാമഗ്രികൾ ഞങ്ങളുടെ കാളവണ്ടിയിലാണ് പൂര



**ആളുകളെ പൂരലഹരിയിലാഴ്ത്തുന്ന വെടിക്കെട്ടു സാമഗ്രികൾ ഞങ്ങളുടെ കാളവണ്ടിയിലാണ് പൂരപ്പറമ്പിലെത്തിക്കുന്നത്. കാളവണ്ടിക്ക് പിറകിലായി ആളുകൾ ആർപ്പുവിളിച്ചു പോകുമ്പോൾ ഞങ്ങളുടെ നെഞ്ചകം നെരിപ്പോടായി മാറും. അടുത്ത ദിവസം വർണബലൂണുകളും കളിപ്പാട്ടങ്ങളുമായി കാളവണ്ടി തെളിച്ച് വീട്ടിലെത്തുന്ന അച്ഛനെ കാണുമ്പോൾ മനസ്സിൽ കുളിർമഴ പെയ്യും.**

പ്പറമ്പിലെത്തിക്കുന്നത്. കാളവണ്ടിക്ക് പിറകിലായി ആളുകൾ ആർപ്പുവിളിച്ചു പോകുമ്പോൾ ഞങ്ങളുടെ നെഞ്ചകം നെരിപ്പോടായി മാറും. അടുത്ത ദിവസം വർണബലൂണുകളും കളിപ്പാട്ടങ്ങളുമായി കാളവണ്ടി തെളിച്ച് വീട്ടിലെത്തുന്ന അച്ഛനെ കാണുമ്പോൾ മനസ്സിൽ കുളിർമഴ പെയ്യും. ശനിയാഴ്ചകളിൽ ഞങ്ങളുടെ നാട്ടിലെ പ്രധാന പലചരക്കു കച്ചവടക്കാരനായ മുത്തുറാവുത്തരുടെ കടയിലേക്ക് പാലക്കാട് അങ്ങാടിയിൽനിന്ന് സാധനങ്ങൾ എത്തിക്കുന്നതും അച്ഛന്റെ കാളവണ്ടിയിൽ തന്നെ. കമ്പിറാന്തൽ വെട്ടത്തിൽ കാളവണ്ടിയുടെ നീണ്ടനിരയിൽ മുന്നിൽ നിന്ന് വണ്ടി തെളിക്കാൻ പലരും മടിച്ചിരുന്നതായി അച്ഛൻ പറഞ്ഞത് ഞാൻ ഓർക്കുന്നു. മുന്നിലെ കാളവണ്ടിക്കാരനുമാത്രം ഉറങ്ങാൻ കഴിയില്ല എന്നതാണ് കാരണം. പിന്നിലുള്ള കാളകൾ വണ്ടിക്കാരന്റെ അർധമയക്കത്തിലും ഉറക്കത്തിൽത്തന്നെയും മുന്നിലെ കാളകളെ അനുഗമിക്കുമെന്നതിനാൽ ലഭിക്കുന്ന വിശ്രമസുഖം കഠിനാധ്വാനികളായ ഓരോ കാളവണ്ടിക്കാരനും ആഗ്രഹിച്ചിരുന്നു.



കാളകളിലും കാളവണ്ടിയിലും കാളവണ്ടിക്കഥകളിലും എന്റെ താത്പര്യം നിരക്ഷരനെങ്കിലും അച്ഛൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്. ഞാനും ആ തൊഴിലിൽ ആകൃഷ്ടനാകുന്നു എന്ന തോന്നൽ കൊണ്ടാവണം ഞാൻ ഒമ്പതാം ക്ലാസ്സിലെത്തിയപ്പോൾ എന്നെ വേദനിപ്പിച്ച ആ സംഭവം നടന്നത്. ഒരു ദിവസം സ്കൂൾ വിട്ടു ഞാൻ വീട്ടിലെത്തിയപ്പോൾ വരാന്തയിൽ ചിന്താമഗ്നനായിരിക്കുന്ന അച്ഛനെയാണ് കണ്ടത്. കാളവണ്ടിയവിടെ കണ്ടില്ല. ഞാൻ ഓടിച്ചെന്ന് തൊഴുത്തിൽ പോയി നോക്കി. എന്റെ തലോടലിനായി എന്നും കാത്തിരിക്കുന്ന കാളകളെയും കാണുന്നില്ല. എന്റെ അന്വേഷണത്തിന്

ചെറുവിതുമ്പലോടെയാണ് അച്ഛൻ മറുപടി പറഞ്ഞത്.

“കണ്ണാ നീ പഠിക്കണം. പഠിച്ചു വലിയവനാകണം, എന്നെപ്പോലെ ഒരു കാളവണ്ടിക്കാരനായി ഇനിയുള്ള കാലത്ത് ജീവിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഞാൻ കാളവണ്ടിയും കാളകളും വിറ്റു.”

എന്തൊക്കെയോ നഷ്ടപ്പെട്ടവനെപ്പോലെ എന്റെ മനസ്സൊന്നു പതറി. കരിപുരണ്ട അടുക്കളഭിത്തിയിൽ ചാരിയിരിക്കുന്ന അമ്മയുടെ മടിയിൽ തലവച്ച് കിടന്നു ഞാൻ കരഞ്ഞു. അമ്മയുടെ തലോടൽ എനിക്ക് തെല്ലൊരാശ്വാസം പകർന്നു.

ജീവിതച്ചെലവുകൾക്കായി അച്ഛൻ കൃഷിയിൽ കൂടുതൽ വ്യാപൃതനായി. അവിടെയും എന്നെ പഠനത്തിൽ ശ്രദ്ധചെലുത്തണമെന്നു പറഞ്ഞ് അച്ഛൻ അല്പം അകറ്റി നിർത്തിയിരുന്നു.

പാടത്ത് പണിയെടുക്കുന്ന അച്ഛന് ഞാൻ കൊണ്ടുപോകുന്ന ഭക്ഷണം പാടവരമ്പത്ത് അച്ഛനോടൊപ്പമിരുന്ന് കഴിച്ചതിന്റെ സുഖം ഒരു തീൻമേശയിൽ നിന്നും പിന്നീട് അനുഭവിച്ചിട്ടില്ല. ഒരുദിവസം അങ്ങനെ ഭക്ഷണം കഴിക്കുന്നതിനിടയിൽ വഴിവരമ്പിലൂടെ ഉച്ചഭക്ഷണത്തിനായി വീട്ടിലേക്കു പോകുന്ന കൃഷ്ണൻ മാസ്റ്ററെയും കാളകളെ മേക്കുന്ന കുമാരേട്ടനെയും ചൂണ്ടിക്കാട്ടി അച്ഛൻ ചോദിച്ചു

“നിനക്ക് അവരിൽ ആരാകാനാണ് ഇഷ്ടം?”

പെട്ടെന്നുള്ള ചോദ്യത്തിനു മുന്നിൽ ഞാൻ കുഴഞ്ഞുപോയി.

കാളവണ്ടിക്കാരൻ,

അധ്യാപകൻ,

അതോ കൃഷിക്കാരനോ? ഏതാണു ഞാൻ പറയേണ്ടത്. ഞാൻ മറുപടി പറയുന്നതിനുമുമ്പ് പാടത്തിനോട് ചേർന്നുള്ള സ്കൂളിൽ നിന്നുള്ള മണിയടി കേട്ട് അച്ഛൻ എന്നോട് വേഗം സ്കൂളിലേക്ക് ചെല്ലാൻ പറഞ്ഞു. മാറിമറിഞ്ഞുവന്ന ഉത്തരങ്ങൾ മനസ്സിലിട്ടുകൊണ്ട് ഞാൻ സ്കൂളിലേക്കോടി.

അത്തരം ഓട്ടങ്ങൾക്കൊടുവിൽ ഞാൻ എത്തിച്ചേർന്നത് ഒരു സ്കൂളിൽതന്നെയായിരുന്നു.

അവിടെ ഞങ്ങളുടെ കൂട്ടായ പരിശ്രമത്തിൽ പയറും വെണ്ടയും ചേനയും ചേമ്പും തക്കാളിയും പച്ചമുളകും സമൃദ്ധമായി വിളയുന്ന സ്കൂൾപച്ചക്കറിത്തോട്ടത്തിനോടു ചേർന്നുള്ള മുത്തശ്ശിമാവിന്റെ തണലിൽ കാളവണ്ടി കണ്ടിട്ടില്ലാത്ത കുട്ടികൾക്കു മുമ്പിൽ അതിന്റെ മധുരസ്മരണകളേറെയുള്ള ഞാൻ പാഠപുസ്തകത്തിലെ ആ പാട്ട് ഉറക്കെ പാടി, ആദ്യവരി ആവർത്തിച്ചുകൊണ്ടുതന്നെ.


“കട കട കട കട കാളവണ്ടി..

കിണി കിണി കിണി സൈക്കിൾവണ്ടി..

പോം പോം പോം പോം മോട്ടോർവണ്ടി..

ഝുക് ഝുക് ഝുക് ഝുക് തീവണ്ടി.”

## ഇല്ലാതാകുന്ന ഈനാംപേച്ചികൾ



ഓന്തിനെ കണ്ടാൽ ഉടൻ കല്ലെറിഞ്ഞുകൊല്ലണം എന്നൊരു അന്ധവിശ്വാസം നമുക്കിടയിലുണ്ട്. പലപ്പോഴും ഒരു ജീവിവർഗത്തിന്റെ തന്നെ വംശനാശത്തിലേക്ക് ഇത്തരം അന്ധവിശ്വാസങ്ങൾ വഴിതെളിക്കാറുണ്ട്.

ചില ആഫ്രിക്കൻ രാജ്യങ്ങളിൽ ഇതിനു സമാനമായ ഒരു അന്ധവിശ്വാസമുണ്ട്. ഈനാംപേച്ചിയെ കാണുന്നത് വരൾച്ച വരുന്നതിന്റെ സൂചനയായിട്ടാണ് അവർ കാണുന്നത്. വരൾച്ച ഒഴിവാക്കണമെങ്കിൽ കൺമുന്നിൽ വരുന്ന ഈനാംപേച്ചിയെ കൊല്ലണമത്രേ. ഇതും ഈനാംപേച്ചിയുടെ മാംസത്തിന് ഔഷധഗുണങ്ങൾ ഉണ്ട് എന്ന അന്ധവിശ്വാസവുംചേർന്ന് അവിടെയുള്ള ഒരു ഈനാംപേച്ചി വർഗത്തെ വംശനാശത്തിന്റെ വക്കിൽ എത്തിച്ചിരിക്കുകയാണ്. Smutsia temminckii എന്ന ശാസ്ത്രനാമമുള്ള Temminck's Ground Pangolin എന്ന ഈനാംപേച്ചിക്കാണ് ഈ അവസ്ഥ വന്നിരിക്കുന്നത്. എന്തായാലും നിയമനടപടികളിലൂടെ ഈ ആഫ്രിക്കൻ ഈനാംപേച്ചിവർഗത്തെ രക്ഷിക്കാനുള്ള ശ്രമങ്ങൾ മിക്ക രാജ്യങ്ങളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

**നവനീത്**

# കൊടുവേനൽ

കിളിമാനൂർ രമാകാന്തൻ

കൊടുവേനൽ ഭഗവതിക്ക്
കൊലവിളയാട്ടം.
കനലമ്പുകളെയ്തും കൊണ്ടൊ-
രങ്കത്തേരോട്ടം.
കുളിർ വറ്റിയ ചോലകളിൽ
ചെന്തീക്കൂത്താട്ടം.
മയിലാടിയ മലമുകളിൽ
ചാരക്കൂമ്പാരം.
പുഴവറ്റിയ താഴ്വരയിപ്പോൾ
ചപ്പിലക്കൂടാരം.
പുളയുന്നൊരു മിന്നലുകാണാൻ
മണ്ണുകൊതിക്കുന്നു.
ഇടിവെട്ടെന്നൊന്നു പറഞ്ഞാൽ
കാതുകുളിർക്കുന്നു.
കരിമേഘക്കാടുകൾ കാണാൻ
കണ്ണുകൊതിക്കുന്നു.
പെരുമാരിയിൽ മുങ്ങിത്താഴാൻ
മണ്ണുകൊതിക്കുന്നു.
കൊടുവേനൽഭഗവതിക്കു
കൊലവിളയാട്ടം.
കനലമ്പുകളെയ്തും കൊണ്ടൊ-
രങ്കത്തേരോട്ടം.

വര: സചീന്ദ്രൻ കാറഡുക്ക

# അമൂല്യം ഈ ജീവാമൃതം

**രാധികാദേവി റ്റി ആർ**




"എല്ലാവരുടെയും ആവശ്യത്തിനുള്ള വിഭവങ്ങൾ ഈ ഭൂമിയിൽ തന്നെയുണ്ട്. എന്നാൽ ആരുടെയും അത്യാഗ്രഹത്തിന് ഈ വിഭവങ്ങൾ മതിയാകുകയില്ല."

- ഗാന്ധിജി



ഒരിക്കൽ ഗംഗാതീരത്ത് കോൺഗ്രസ് സമ്മേളനം നടക്കുകയായിരുന്നു. ഗാന്ധിജിക്കും നെഹ്റുവിനും പുറമേ മറ്റു നേതാക്കന്മാരും ഇതിൽ പങ്കെടുക്കുന്നുണ്ട്. ഉച്ചഭക്ഷണത്തിനുശേഷം ഇരുവരും കൈകഴുകാനായി ഗംഗാതീരത്തേക്കുപോയി. അപ്പോഴും അവർ ഗഹനമായ ഏതോ വിഷയം ചർച്ചചെയ്യുകയായിരുന്നു. ഇതിനിടയിൽ നെഹ്റു ഒരു കപ്പു വെള്ളം ഗാന്ധിജിയുടെ കൈ കഴുകാനായി ഒഴിച്ചു കൊടുക്കുന്നുമുണ്ട്. കുറച്ചു കഴിഞ്ഞ് ഗാന്ധിജി ചോദിച്ചു.

''പണ്ഡിറ്റ്ജി അങ്ങെന്താണീ ചെയ്യുന്നത്?''

''എന്തുപറ്റി ബാപ്പുജി?'' നെഹ്റുവിന് ഒന്നും മനസ്സിലായില്ല.

''പണ്ഡിറ്റ്ജി, അങ്ങെന്തിനാണ് ഇത്രയും വെള്ളം പാഴാക്കിയത്? എന്റെ കൈ എപ്പോഴേ വൃത്തിയായി കഴിഞ്ഞു?''

ഗാന്ധിജി പറഞ്ഞു.

''സംസാരത്തിനിടയിൽ ഞാനതു ശ്രദ്ധിച്ചതേയില്ല. സാരമില്ല. വെള്ളത്തെക്കുറിച്ചോർത്ത് അങ്ങ് ദുഃഖിക്കേണ്ട. ഗംഗാനദിയല്ലേ ഈ ഒഴുകുന്നത്?''

നെഹ്റു വളരെ ലാഘവത്തോടെ പറഞ്ഞു.

''അങ്ങ് പറഞ്ഞത് ശരിയാണ് പണ്ഡിറ്റ്ജി. ഗംഗയിൽ ധാരാളം വെള്ളമുണ്ട്. അതുകൊണ്ട് നാം വെള്ളം പാഴാക്കണോ? ഈ വെള്ളം ഭാരതത്തിലെ ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്. അതു തുല്യമായി വീതംവയ്ക്കുമ്പോൾ ഒരാൾക്ക് ലഭിക്കാവുന്ന ജലം മാത്രമേ നമുക്ക് ഉപയോഗിക്കാൻ അവകാശമുള്ളൂ.''

ഗാന്ധിജിയുടെ ഈ വാക്കിന്റെ പൊരുൾ എന്താണെന്ന് നെഹ്റുവിന് മനസ്സിലായി. ഈ അഭിപ്രായം പിന്നീട് നെഹ്റുവിന്റെ ചിന്തകളിലും ജീവിതത്തിലും വൻ മാറ്റങ്ങളാണ് വരുത്തിയത്.

ശരിയാണ്. കോടാനുകോടി ജനങ്ങൾക്ക് ഉപയോഗിക്കുവാനായി എത്രയെത്ര വിഭവങ്ങളാണ് പ്രകൃതി നമുക്കായി ഒരുക്കിയിരിക്കുന്നത്. ഇവയിൽ നമുക്കാവശ്യമുള്ളതു മാത്രമേ പ്രകൃതിയിൽ നിന്നും എടുക്കുവാൻ നമുക്കവകാശമുള്ളൂ.

''എല്ലാവരുടെയും ആവശ്യത്തിനുള്ള വിഭവങ്ങൾ ഈ ഭൂമിയിൽ തന്നെയുണ്ട്. എന്നാൽ ആരുടെയും അത്യാഗ്രഹത്തിന് ഈ വിഭവങ്ങൾ മതിയാകുകയില്ല.'' എന്ന് ഗാന്ധിജി പറഞ്ഞതും മറ്റൊന്നും കൊണ്ടാകില്ല.

നാം വസിക്കുന്ന ഭൂമിയുടെ ഉപരിതലത്തിൽ ഏതാണ്ട് 75%ത്തോളം വെള്ളമാണ്. അതിൽ 97%വും കടൽ ജലവും. അപ്പോൾ വെറും 3% മാത്രമാണ് ശുദ്ധജലം എന്നർഥം. ഈ ശുദ്ധജലത്തിന്റെ ഭൂരിഭാഗവും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുപാളികളിലാണുതാനും.

ഭൂമിയിൽ ശുദ്ധജലത്തിന്റെ പ്രധാന ഉറവിടം മഴയാണ്. ലോകത്ത് ഇന്നു വസിക്കുന്ന എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുക എന്നത് തീർത്തും ശ്രമകരമാണ്.

ശുദ്ധജലത്തിന്റെ മറ്റൊരു സ്രോതസ്സാണ് ഭൂഗർഭജലം. പക്ഷേ ആകെയുള്ള ഭൂഗർഭജലത്തിന്റെ 5% ത്തോളം മലിനജലമാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ജീവന്റെ നിലനിൽപ്പിന് വായുപോലെ പ്രധാനമാണ് വെള്ളവും. 2050 ഓടെ ലോകത്തെ പകുതി ജനങ്ങൾക്കും ശുദ്ധജലം ലഭിക്കാത്ത അവസ്ഥ സംജാതമാകുമെന്നാണ് ശാസ്ത്രജ്ഞർ പ്രവചിക്കുന്നത്. ഇനിയൊരു ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ അതു കുടിവെള്ളത്തിനുവേണ്ടിയായിരിക്കുമെന്ന് പരിസ്ഥിതിപ്രവർത്തകർ പറയുന്നതും അതിനാലാണ്.

ഓരോ തുള്ളി ജലവും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ലോകജനതയ്ക്കു മനസ്സിലാക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ എല്ലാ വർഷവും മാർച്ച് 22 ലോകജലദിനമായി ആചരിക്കുവാൻ തീരുമാനിച്ചത്. 1992ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ ചേർന്ന യോഗത്തിലാണ് ജലദിനം എന്ന ആശയം ഉയരുന്നത്. ഇതേതുടർന്ന് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1993 മാർച്ച് 22 മുതൽ ഈ ദിനം ലോകജലദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. ഓരോ വർഷവും ജലസംരക്ഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രമേയം ഉണ്ടായിരിക്കും. 2017 ൽ ലോകജലദിനത്തിന്റെ പ്രമേയം പാഴ്ജലം (Waste Water) എന്നതാണ്.

വിവിധ ജലസ്രോതസ്സുകളാൽ സമ്പന്നമാണ് നമ്മുടെ കേരളം. 44 നദികളും കായലുകളും തടാകങ്ങളും മറ്റു ജലാശയങ്ങളുംകൊണ്ട് അനുഗൃഹീതമായ നാട്. പക്ഷേ അവയുടെയൊക്കെ ഇന്നത്തെ സ്ഥിതിയെന്താണ്? മലിനീകരണവും മണലൂറ്റും മറ്റു കൈയേറ്റങ്ങളും നദികൾക്ക് മരണമണി മുഴക്കുന്നു. നാം പാടി പുകഴ്ത്തിയ നിളാനദിയുടെ കാര്യം ചിന്തിച്ചു നോക്കൂ. ഗുരുതരമായ വരൾച്ചയുടെ പിടിയിലമർന്നു കഴിഞ്ഞിരിക്കുന്നു ഇന്ത്യ ഉൾപ്പെടെ പലരാജ്യങ്ങളും. കടുത്ത ജലക്ഷാമത്തിലേക്കാണ് നാം നീങ്ങുന്നത് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഒരു വേനൽ കൂടി വരുന്നു. വേനലാരംഭിക്കുന്നതിനു മുമ്പു തന്നെ ഭൂമി ചുട്ടുപൊള്ളാൻ തുടങ്ങിയിരിക്കുന്നു. ഇതു വരൾച്ചയുടെ സൂചനയാണ്.

ചില ആഫ്രിക്കൻ രാജ്യങ്ങളിലെ പോലെ വെള്ളം നമുക്കു കിട്ടാക്കനിയായി മാറുമോ? ഒന്നോർക്കുക വെള്ളത്തിന്റെ അവകാശികൾ നമ്മൾ മാത്രമല്ല. ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ഇത് അവകാശപ്പെട്ടതാണ്.




ലോഗോ

# പുഞ്ചിരിപ്പുതപ്പ്

ഇ ജിനൻ



വര: ആശ ആർ

അങ്ങ്, പറമ്പിന്റെ
മൂലയിലൊറ്റയ്ക്ക്
മഞ്ഞിവെളുത്തൊരു പൂവ്.
ഒന്നു പതുങ്ങിയും
പുല്ലുകൾക്കുള്ളി-
ലൊതുങ്ങി കുനിഞ്ഞും
കുറഞ്ഞും.
എന്തിത്ര വല്ലായ്മ
ചന്തമില്ലെന്നൊരു
തോന്നലാകാമോ
നിനക്ക്?
എന്തേ, മുഖം
തിരിക്കുന്നൂ, പുറംപോക്കി-
ലായതോ
നിന്റെയീ ജന്മം?
ടൈലുകൾ പാകിയ
വീട്ടുമുറ്റത്തു നി-
ന്നാരോ കളഞ്ഞചെടിയിൽ
നിന്നും വിടർന്നു
മുഖം നീട്ടി വന്നൊരു
കുഞ്ഞുപൂവാകുമോ നീയും?
ഇന്നലെ രാത്രിയി-
ലാകാം, വിരിഞ്ഞതീ
തെന്നലിലാടും നിലാവ് !
ഇന്നലെ ലോക-
മുറങ്ങിയ നേരത്തോ
വന്നതീ കൊച്ചുകിനാവ് ?
പൂമുഖത്താരും
അലങ്കാര പുഷ്പമായ്
പൂജിക്കയില്ലയെന്നാലും
പുല്ലിന്നിടയിൽ
പതുങ്ങുന്ന പുഷ്പമേ
പുഞ്ചിരിയാലേ
പുതപ്പിച്ചു നീയെന്നെ.

# സ്കൂൾ ഡെയ്സ്


എൻ ടി രാജീവ്



കവിത

# രണ്ടു കുട്ടിക്കവിതകൾ

വി വിനയകുമാർ





## ഉറക്കം


ഞാനസ്തമിച്ചാൽ
നന്നാവുമീ ലോകമെങ്കിൽ
ഒന്നുറങ്ങിക്കളയാമെന്ന്
സൂര്യനെപ്പോലെ തൊട്ടാവാടി.

# മരവും പൂവും

തീയിൽ കുരുത്ത മരവും
കാട്ടിൽ വിടർന്ന പൂവും
തർക്കത്തിലേർപ്പെട്ടു.

കരുത്തെനിക്കെന്ന് മരം
മണമെനിക്കെന്ന് പൂവ്
വാടില്ല കരുത്തരെന്ന് മരം
തീയിലെരിയുമെന്ന് പൂവ്
തീയില്ലെങ്കിലോ ലോകമില്ലെന്ന് മരം
കാടില്ലെങ്കിലോ ജീവനില്ലെന്ന് പൂവ്

കോപത്തിലാളിക്കത്തീ മരം
മഴക്കണ്ണീർ പൊഴിച്ചാ തീയ്
കെടുത്തീ കാട്ടിലെ പൂവ്.



# മഹാഭാരതം

സുഗതകുമാരി



## ധൃതരാഷ്ട്ര വാക്യം

സഞ്ജയനെ വിളിച്ച് ധൃതരാഷ്ട്രർ ദീർഘനേരം സംസാരിച്ചു. ഏതുവിധത്തിലും യുദ്ധമുണ്ടാകാതെ നോക്കണമെന്ന രാജനിർദേശം ശിരസാവഹിച്ചുകൊണ്ട് സഞ്ജയൻ പാണ്ഡവന്മാർ വസിക്കുന്നിടത്തേക്കുപോയി. അവിടെ സഹോദരന്മാരുടെയും സുഹൃത്തുക്കളുടെയും നടുവിൽ വിളങ്ങുന്ന ധർമപുത്രരോട് അഭിവാദ്യംചെയ്ത് ഇങ്ങനെപറഞ്ഞു. 'ഭാഗ്യം! യുധിഷ്ഠിര മഹാരാജാവേ, അങ്ങയെ ദേവേന്ദ്രതുല്യം പ്രതാപവാനായി കാണായത് എന്റെ ഭാഗ്യമത്രേ. വൃദ്ധനായ ധൃതരാഷ്ട്രനൃപൻ അങ്ങയോട് സുഖമായിരിക്കൂ എന്ന് ആശീർവാദം പറയുന്നു. ഭീമസേനനും പാർഥനും മാദ്രേയർക്കുമെല്ലാം അദ്ദേഹം സുഖാശംസകൾ അരുളുന്നു. വീരപത്നിയും വീരമാതാവുമായ ദ്രൗപദിക്കു സുഖം തന്നെയല്ലയോ!'

യുധിഷ്ഠിരൻ പറഞ്ഞു. 'സഞ്ജയാ, അങ്ങയ്ക്കു സ്വാഗതം. പിതാവിന്റെ സുഖാന്വേഷണം എനിക്ക് സന്തോഷമരുളുന്നു. അദ്ദേഹം കുശലിയായിരിക്കുന്നുവല്ലോ? ഞങ്ങളുടെ ഭീഷ്മപിതാമഹനോ? മഹാനായ അദ്ദേഹവും സുഖമായിരിക്കുന്നുവോ? ദ്രോണാചാര്യർക്കും പുത്രനും കൃപാചാര്യർക്കും കുശലംതന്നെയല്ലേ? ദുര്യോധനനും അവനെ വഴിതെറ്റിക്കുന്ന ഉപദേശകനായ കർണനും സുഖമല്ലയോ? കൊട്ടാരത്തിലെ അമ്മമാർക്കും സോദരിമാർക്കും കുട്ടികൾക്കുമെല്ലാം സൗഖ്യം തന്നെയല്ലേ? അവിടുത്തെ ദാസദാസിമാരെയെല്ലാം ഞാൻ ഓർക്കുന്നു. ധൃതരാഷ്ട്രമഹാരാജാവ് ബ്രാഹ്മണപൂജയും ദാനധർമങ്ങളും വഴിയാംവണ്ണം ചെയ്യുന്നുണ്ടാവുമല്ലോ. താതാ സഞ്ജയാ, ദ്രോണാചാര്യരും കൃപാചാര്യരും ഞങ്ങളെ കുറ്റപ്പെടുത്തുന്നില്ലല്ലോ? കൗരവന്മാർ ഗാണ്ഡീവധാരിയായ പാർഥനെ ഓർക്കുന്നുണ്ടാവുമല്ലോ. ഗദാധരനും മഹാശക്തനുമായ ഭീമനെയും അവർ മറന്നിരിക്കുകയില്ലല്ലോ. വീരധനുർധരന്മാരായ നകുല സഹദേവന്മാരുടെ വൈദഗ്ധ്യവും അവർ മറന്നിട്ടില്ലല്ലോ.' ഈ വിധമുള്ള യുധിഷ്ഠിരവാക്കുകൾ കേട്ട് സഞ്ജയൻ

പറഞ്ഞു. 'ധർമപുത്രാ, അങ്ങ് പറഞ്ഞതുപോലെ അവരെല്ലാവരും സൗഖ്യമായിരിക്കുന്നു. എന്നാൽ ധൃതരാഷ്ട്രനൃപൻ ദുഃഖിതനാണ്. മിത്രദ്വേഷം ചെയ്തതു തെറ്റെന്നു വിപ്രന്മാർ പറയുന്നത് അദ്ദേഹം കേൾക്കുന്നു. അങ്ങയെ അദ്ദേഹം ഓർക്കുന്നു. പോരാളി വീരരായ ഭീമാർജുനന്മാരെയോർത്ത് ആ മനസ്സ് ശങ്കിതമായിരിക്കുന്നു. മാദ്രേയന്മാരുടെ യുദ്ധവീര്യത്തെയും അദ്ദേഹം ആകുലതയോടെ സ്മരിക്കുന്നു. അദ്ദേഹം പറഞ്ഞയച്ച സന്ദേശം നിങ്ങളേവരും കേട്ടാലും. 'യുധിഷ്ഠിരാ, നിങ്ങൾ ശമത്തോടെ വാഴണമെന്ന് ഞാൻ ഇച്ഛിക്കുന്നു. നിങ്ങൾ ധർമിഷ്ഠരും കുലീനരും യശസ്വികളുമാണ്. ഒരു ഹീനകർമവും നിങ്ങൾ ചെയ്തുകൂടാ. സർവനാശം തരുന്നതത്രേ യുദ്ധം. ജയാജയങ്ങൾ പ്രവചിക്കാവുന്നതല്ല. കുരുക്കളെയെല്ലാം ഇണക്കിയെടുക്കുകയാണ് സംഹരിക്കുകയല്ലാ നിങ്ങൾ ചെയ്യേണ്ടത്. ബന്ധുക്കളെ കൊന്നുകളഞ്ഞിട്ടുള്ള ജീവിതം ജീവിതമല്ലതന്നെ. ഒരുഭാഗത്ത് കൃഷ്ണാർജുനന്മാർ നയിക്കുന്ന പാണ്ഡവശക്തിയും മറുഭാഗത്ത് ദ്രോണഭീഷ്മ കർണാദികൾ കാക്കുന്ന കൗരവശക്തിയും ഏറ്റുമുട്ടുകയാണെങ്കിൽ ഭയാനകമായ കുലക്ഷയം ഉണ്ടാകും. കുലംകെടുത്തുന്ന നീചവൃത്തി ധർമനിരതരായ പാണ്ഡവർ ചെയ്യുന്നത് ശരിയാണോ? അതിനാൽ ശമം പാലിക്കുക.' ഇതത്രേ കൈകൂപ്പിക്കൊണ്ട് ധൃതരാഷ്ട്രമഹാരാജാവ് ചെയ്യുന്ന പ്രാർഥന.'

യുധിഷ്ഠിരൻ ശാന്തമായി മറുപടി നൽകി. 'താതാ സഞ്ജയാ, ആരുണ്ട് യുദ്ധം കൊതിക്കുന്നവരായി? എല്ലാവരും സുഖം

ഇച്ഛിക്കുന്നു. പക്ഷേ സ്വയം വിഷയസുഖങ്ങൾ അനുഭവിച്ചുകൊണ്ട് മറ്റുള്ളവരോട് ത്യാഗമുപേദശിക്കുന്നതു ധർമമല്ല. ദുർബുദ്ധിയായ പുത്രന്റെ വശത്തു നിൽക്കുന്ന രാജാവ് ധർമം മറന്നിരിക്കുന്നു. മഹാത്മാവായ വിദുരരുടെ വാക്കുകൾ അദ്ദേഹം ശ്രദ്ധിക്കുന്നില്ല. ക്രുദ്ധരായ ഭീമാർജുനന്മാരെ കൗരവന്മാർ കരുതുന്നില്ല. ഞങ്ങൾക്ക് യുദ്ധം വേണ്ട. ശമം പാലിച്ചുകൊള്ളാം. പക്ഷേ ഇന്ദ്രപ്രസ്ഥം ഞങ്ങൾക്കു മടക്കി നൽകുക.'

സഞ്ജയൻ വീണ്ടും ഉപദേശം തുടർന്നു. യുദ്ധത്തിന്റെ ദുഷ്ഫലങ്ങളെപ്പറ്റിയും രാജ്യം ധനം എന്നിവയ്ക്കുവേണ്ടി യത്നിക്കുന്നതിന്റെ വ്യർഥതയെപ്പറ്റിയും ജീവിതത്തിന്റെ നിസ്സാരതയെപ്പറ്റിയും ബന്ധുമിത്രാദികളെ വധിച്ചു നേടുന്ന സുഖം സുഖമല്ലയെന്നും എല്ലാം നേടിയാലും മനുഷ്യർക്ക് ജരാനരകളെയും മൃത്യുവിനെയും ജയിക്കാനാവില്ലെന്നുമൊക്കെയുള്ള സഞ്ജയോപദേശംകേട്ട് യുധിഷ്ഠിരൻ പറഞ്ഞു. 'കേശവാ, വാസുദേവാ, ഇരുഭാഗങ്ങൾക്കും ഹിതമായതെന്തെന്ന് അങ്ങ് പറഞ്ഞുതന്നാലും.'

ശ്രീകൃഷ്ണൻ പറഞ്ഞു. 'സഞ്ജയാ, ഇരുഭാഗത്തിനും അഭിവൃദ്ധിയുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ശമമത്രേ ഉത്തമം. എന്നാൽ സ്വധർമം ചെയ്യുന്നതിൽനിന്ന് പാണ്ഡവന്മാർ പിന്തിരിയുന്നതെങ്ങനെ?

> **ആരുണ്ട് യുദ്ധം കൊതിക്കുന്നവരായി? എല്ലാവരും സുഖം ഇച്ഛിക്കുന്നു. പക്ഷേ ദുർബുദ്ധിയായ പുത്രന്റെ വശത്തു നിൽക്കുന്ന രാജാവ് ധർമം മറന്നിരിക്കുന്നു. മഹാത്മാവായ വിദുരരുടെ വാക്കുകൾ അദ്ദേഹം ശ്രദ്ധിക്കുന്നില്ല. ഞങ്ങൾക്ക് യുദ്ധം വേണ്ട. ശമം പാലിച്ചുകൊള്ളാം. പക്ഷേ ഇന്ദ്രപ്രസ്ഥം ഞങ്ങൾക്കു മടക്കി നൽകുക.**


വര: ജയേന്ദ്രൻ

വര: ജയേന്ദ്രൻ

കർമം ചെയ്യാതെ ഈ ഭൂമി നിലനിൽക്കുകയില്ല. സൃഷ്ടികർത്താവിന്റെ വിധി അതത്രേ. വായു വീശുന്നതും സൂര്യൻ രാപ്പകലുകളെ വേർതിരിച്ചുകൊണ്ട് ഉദിക്കുന്നതും അഗ്നി ജ്വലിക്കുന്നതും നദികൾ ജലമൊഴുക്കുന്നതും ഭൂമീദേവി ഈ ഭാരം ചുമക്കുന്നതുമെല്ലാം കർമമാണ്, ധർമമാണ്. രാജാവ് പ്രജകളിൽ സമത്വത്തോടെ ധർമപൂർണമായ കർമം അനുഷ്ഠിക്കേണ്ടവനാണ്. പരദ്രവ്യം ആഗ്രഹിച്ച് ഒരു കൂട്ടർ പടകൂട്ടാൻ തുടർന്നാൽ അതിനെ എതിരിടേണ്ടതു സ്വധർമമത്രേ. കൗരവർ രാജധർമം നോക്കുന്നില്ല. അവർ അധർമം ചെയ്യുന്നതും പിതൃസ്വമായത് അപഹരിക്കുന്നതും മിണ്ടാതെ നോക്കിയിരിക്കുന്നതിനെ ശമമെന്നു വിളിക്കുക സാധ്യമല്ല. കൗരവർ പാപങ്ങൾ ചെയ്തിരിക്കുന്നു. കള്ളച്ചൂതും ദുർവാക്കുകളും എല്ലാറ്റിനുമുപരി സഭാമധ്യത്തിൽ ദ്രൗപദിയെ അപമാനിച്ചതും ഭീഷ്മർ മുതൽ എല്ലാവരും നോക്കി നിന്നു. അന്ന് അവർ ഒന്നിച്ച് മുന്നോട്ടിറങ്ങി പാഞ്ചാലിയെ രക്ഷിച്ചിരുന്നുവെങ്കിൽ അവർക്ക് നന്മയായേനെ. വിദുരരല്ലാതെ ആരൊരാൾ അന്ന് അവൾക്കുവേണ്ടി ശബ്ദമുയർത്തി? അന്ന് ആ സഭയോട് ധർമംപറയാൻ സാധിക്കാത്തവർക്ക് ഇന്ന് പാണ്ഡവരോട് ധർമം ഉപദേശിക്കുന്നതിന് എന്ത് അർഹത? അന്ന് ദുര്യോധനനും കർണനും ശകുനിയും ദുശ്ശാസനനും പറഞ്ഞ വാക്കുകളോരോന്നും ഇന്നും പാണ്ഡവരുടെ ഹൃദയത്തിൽ കനൽപോലെ നീറിക്കിടപ്പുണ്ട്. സഞ്ജയാ, യുദ്ധംകൂടാതെ കഴിപ്പാൻ എന്താണ് വഴിയെന്നാരാഞ്ഞ് ഞാൻ തന്നെ അവിടേക്കു വരുന്നുണ്ടെന്നു രാജാവിനോട് പറയുക. അതിനവർ വഴങ്ങിയില്ലെങ്കിൽ സ്വന്തം കർമത്താൽ തന്നെ ധാർത്തരാഷ്ട്രന്മാർ എരിഞ്ഞുപോകുമെന്നും പറയുക.'

യുധിഷ്ഠിരൻ പറഞ്ഞു. 'വന്ദ്യനായ സഞ്ജയാ, അങ്ങ് മടങ്ങിപ്പോയി ഞങ്ങളുടെ വാക്കുകൾ അറിയിച്ചാലും. അതിനു മുമ്പ് ഗുരുക്കന്മാരുടെ തൃക്കാൽപിടിച്ച് യുധിഷ്ഠിരൻ വണങ്ങുന്നു എന്നു പറയുക. മഹാനായ ഭീഷ്മപിതാമഹന്റെ പാദങ്ങളിൽ ഞാൻ നമസ്കരിക്കുന്നു. ഞങ്ങളുടെ വലിയച്ഛൻ ധൃതരാഷ്ട്രമഹാരാജാവിന്റെ കാൽപിടിച്ച് ഞാൻ പ്രണമിക്കുന്നു. വന്ദ്യരായ ഗുരുക്കന്മാരെ നമസ്കരിക്കുന്നു. മഹാത്മാവായ വിദുരരെ നമസ്കരിക്കുന്നു. വീരനായ ദുര്യോധനനോടും ശൂരനായ ദുശ്ശാസനനോടും കുശലം പറയണം. മാതുലനായ ശകുനിയോടും ദുര്യോധനസഖാവായ അംഗരാജാവ് കർണനോടും കുശലമന്വേഷിച്ചതായി പറയണം. അമ്മമാരെ നമസ്കരിക്കുന്നു. കുട്ടികളെ തഴുകുന്നു. എല്ലാവരോടും എന്റെ സ്നേഹാന്വേഷണങ്ങൾ അറിയിച്ചതിനുശേഷം ദുര്യോധനനോടു പറഞ്ഞാലും. കഴിഞ്ഞ ദുഷ്കർമങ്ങളെല്ലാം മറക്കാൻ ഞങ്ങൾ സന്നദ്ധരാണ്. എല്ലാ അവകാശങ്ങളും ദു:ഖങ്ങളും ഞങ്ങൾ മറന്നുകൊള്ളാം. സർവനാശകമായ യുദ്ധത്തിൽനിന്നും നമുക്ക് പിന്തിരിയാം. ഞങ്ങൾക്ക് അവകാശപ്പെട്ട ഭൂമി നൽകുക, അല്ലെങ്കിൽ അഞ്ചു ഗ്രാമങ്ങളെങ്കിലും നൽകുക. ബന്ധുക്കൾ ഒത്തുചേരട്ടെ, പിതാക്കളും പുത്രന്മാരും സഹോദരന്മാരും എല്ലാവരും ഒത്തിണങ്ങട്ടേ. കുരുക്കളും പാഞ്ചാലന്മാരുമെല്ലാം യുദ്ധക്കെടുതികളില്ലാതെ വാഴട്ടെ. സഞ്ജയാ, ശമംപാലിക്കാൻ ഞാൻ മതിയാകും, എന്നാൽ യുദ്ധം ചെയ്വാനും ഞാൻ മതിയാകും എന്ന് മഹാരാജാവിനോട് സാദരം അറിയിച്ചാലും.'(തുടരും)

**കള്ളച്ചൂതും ദുർവാക്കുകളും എല്ലാറ്റിനുമുപരി സഭാമധ്യത്തിൽ ദ്രൗപദിയെ അപമാനിച്ചതും ഭീഷ്മർ മുതൽ എല്ലാവരും നോക്കി നിന്നു. അന്ന് അവർ ഒന്നിച്ച് മുന്നോട്ടിറങ്ങി പാഞ്ചാലിയെ രക്ഷിച്ചിരുന്നുവെങ്കിൽ അവർക്ക് നന്മയായേനെ.**

## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

**എഡിറ്റർ**
**തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34**

# കുടിവെള്ളം

പി വി കൃഷ്ണൻ



# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## വര





ആദിത്യൻ, ക്ലാസ് 8, ജവഹർ നവോദയ സ്കൂൾ, പണ്ടയ്ക്കൽ പി ഒ, പണ്ടയ്ക്കൽ, മാഹി.



# എന്തൊരു രസം


**മാനസി വി കെ, ക്ലാസ് 4 എ,
എസ് വി വി ബി സ്കൂൾ, പെരിന്തൽമണ്ണ,
മലപ്പുറം.**

കരിയിലകൾ പാറുമ്പോൾ
പൂക്കളെല്ലാം പൊഴിയുമ്പോൾ
എന്തുരസം! എന്തു രസം!
എന്തൊരു കുളിർകാറ്റ്!
മഴത്തുള്ളികൾ ചാറുമ്പോൾ
കാർമേഘങ്ങൾ മൂടുമ്പോൾ
എന്തു രസം! എന്തുരസം!
ചാറൽമഴ കൊള്ളാൻ!



# ആനയോട്

ആനേ ആനേ കറുമ്പനാനേ
കരിമഷിപോലെ കറുത്തോനേ,
കൊമ്പിനെന്തൊരു നീളം!
കാലിനെന്തൊരു പൊക്കം!
ആന കളിക്കാൻ പോരുന്നാകിൽ
ആനയ്ക്കുണ്ടൊരു സമ്മാനം.



**അദ്വൈത് ആർ ജി, ക്ലാസ് 3 സി,
ശബരിഗിരി സ്കൂൾ, അഞ്ചൽ,
കൊല്ലം.**

വര: ഗോപു പട്ടിത്തറ

ഉണ്ടാക്കാം

# റബർബാന്റ് പീരങ്കി!

അരവിന്ദ് ഗുപ്ത

ഡിസൈൻ K V Potdar

പ്ലാസ്റ്റിക് ബോട്ടിലും റബർബാന്റും ഉപയോഗിച്ച് ഒരു പീരങ്കി നിർമ്മിച്ചുനോക്കാം. പ്ലാസ്റ്റിക് പന്തുകളാവും ഇതിൽ പീരങ്കിയുണ്ടകൾ!





**ആവശ്യമുള്ള സാധനങ്ങൾ**

- പ്ലാസ്റ്റിക് ബോട്ടിൽ
- റബർബാൻഡ്
- ബലമുള്ള നൂല്
- കത്രിക
- സെല്ലോടേപ്പ്
- മുത്ത്
- പ്ലാസ്റ്റിക് പന്ത്


ഏതു ശാസ്ത്രതത്വം ഉപയോഗിച്ചാവും ഈ കളിപ്പാട്ടം പ്രവർത്തിക്കുന്നത്? ഈ കളിപ്പാട്ടത്തെ കൂടുതൽ രസകരമായി പരിഷ്കരിക്കാൻ പറ്റുമോ?



1 പ്ലാസ്റ്റിക്കുപ്പിയെ രണ്ടാക്കി മുറിക്കുക.



2 അതിൽ കൃത്യം എതിർ വശങ്ങളിലായി നാല് അടയാളങ്ങളിടുക. ഇവയിൽക്കൂടി ഒരു സെന്റീമീറ്റർ ആഴത്തിൽ മുറിക്കുക.



3 ഇതിലേക്ക് റബർബാന്റ് ഉറപ്പിക്കുക.



4 റബർബാന്റിനു നടുവിൽ നൂല് കെട്ടുക.



5 കുപ്പിയുടെ അടപ്പിൽ ഒരു ദ്വാരമുണ്ടാക്കണം. അതിലൂടെ നൂല് പുറത്തെടുത്ത് അറ്റത്ത് മുത്ത് കെട്ടിയിടുക.



6 ഇനി പ്ലാസ്റ്റിക്പന്ത് റബർബാന്റിനു മുകളിൽവയ്ക്കാം.



7 നൂല് താഴേക്കു നന്നായി വലിച്ച് പെട്ടെന്ന് കൈവിട്ടുനോക്കൂ. പ്ലാസ്റ്റിക്പന്ത് പീരങ്കിയുണ്ട പോലെ മുകളിലേക്കു പോകുന്നതു കാണാം.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.

Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# 2016ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ

**മലയാളബാലസാഹിത്യത്തെ പ്രോത്സാഹിപ്പിക്കാനായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നൽകിവരുന്ന ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 2016ലെ ബാലസാഹിത്യ പുരസ്കാരങ്ങളാണ് പ്രഖ്യാപിച്ചത്.**

## പാലാ കെ എം മാത്യു ബാലസാഹിത്യ പുരസ്കാരം കിളിരൂർ രാധാകൃഷ്ണന്



ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻഡയറക്ടറും ബാലസാഹിത്യകാരനുമായ പാലാ കെ എം മാത്യുവിന്റെ പേരിൽ നൽകിവരുന്ന പാലാ കെ എം മാത്യു ബാലസാഹിത്യ പുരസ്കാരം കിളിരൂർ രാധാകൃഷ്ണന്. 60,001/ രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം *കഥകളിലൂടെ അയ്യൻകാളി* എന്ന ജീവചരിത്രകൃതിക്കാണ്.


## മറ്റു പുരസ്കാരങ്ങൾ

നോവൽ



**തേക്കിൻകാട് ജോസഫ്**
(സൂപ്പർബോയ് രാമുവും ക്ലോണിങ് മനുഷ്യരും)

കവിത



**പ്രൊഫ. ആദിനാട് ഗോപി**
(തിരിഞ്ഞുനോക്കി നടക്കുക)

നാടകം



**കെ വി ഗണേഷ്**
(മാന്ത്രികക്കണ്ണാടി)

ആത്മകഥ



**പി കെ ഗോപി**
( ഓലച്ചൂട്ടിന്റെ വെളിച്ചം)

**വൈജ്ഞാനികം**



**സനിൽ പി തോമസ്**
(നിങ്ങൾക്കുമാകാം സ്പോർട്സ് താരം)

ശാസ്ത്രം



**എസ് ശാന്തി**
(സഹജീവനം ജീവന്റെ ഒരുമ)

പുനരാഖ്യാനം



**ജോൺ സാമുവൽ**
(വിശ്വോത്തര നാടോടിക്കഥകൾ)

ചിത്രീകരണം



**ഗോപീദാസ്**
(മാനിപ്പുല്ലുണ്ടായ കഥ)

ചിത്രപുസ്തകം



**കെ പി മുരളീധരൻ**
(അപ്പുവിന്റെ ഘടികാരം )

**പ്രൊഡക്ഷൻ**

KERALA SICL
വായിച്ചു വളരുക

**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
( മലാലയുടെ കഥ)

**10,000രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**

**ബാലസാഹിത്യ പുരസ്കാരങ്ങൾ മാർച്ച് രണ്ടാംവാരം ബഹു. സാംസ്കാരികവകുപ്പുമന്ത്രി ശ്രീ എ കെ ബാലൻ ജേതാക്കൾക്കു സമ്മാനിക്കും. തിരുവനന്തപുരത്താണ് പുരസ്കാരസമർപ്പണം. സാഹിത്യ സാംസ്കാരികമേഖലകളിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70 March 2017
Regd KL/TV (N)/399/2015-2017 Published on 28-02-2017 Vol:23, Issue:03, ₹15

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് പാലക്കാട് തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
കുട്ടികളുടെ മാസിക
വില 15രൂപ

**വാർഷികവരിസംഖ്യ 160രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.